بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ     نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ     وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 5

വാർഷിക വരിസംഖ്യ 500 രൂപ

ലക്കം 8

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 ഫെബ്രുവരി 20. ഹി.ശം. 1399 സ്വുൽഹ് 20/ജ.ആഖർ 25


## അല്ലാഹുവിന്റെ വചനം

اَلَّذِیۡنَ اسۡتَجَابُوۡا لِلّٰہِ وَالرَّسُوۡلِ مِنۡۢ بَعۡدِ مَاۤ اَصَابَہُمُ الۡقَرۡحُ ؕ لِلَّذِیۡنَ اَحۡسَنُوۡا مِنۡہُمۡ وَاتَّقَوۡا اَجۡرٌ عَظِیۡمٌ ○ (آل عمران:173)

തങ്ങൾക്കു പരിക്കേറ്റശേഷം അല്ലാഹുവിന്റേയും ദൂതന്റേയും വിളിക്കുത്തരം നല്കിയവർ-അവരിൽനിന്ന് സുകൃതം ചെയ്യുകയും സൂക്ഷ്മത പാലിക്കുകയും ചെയ്തവർക്ക് മഹത്തായ പ്രതിഫലമുണ്ട്.(3:173)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**അഖ്ലാഖ് അഥവാ ധാർമികാവസ്ഥകൾ കൊണ്ടുള്ള ഉദ്ദേശ്യം അല്ലാഹുവിന്റെ സമ്പ്രീതി കരസ്ഥമാക്കലാണ്. അതുകൊണ്ട് നബി(സ)തിരുമേനിയുടെ ജീവിതരീതിയനുസരിച്ച് സ്വന്തം ജീവിതം ആക്കിത്തീർക്കാൻ ശ്രമിക്കേണ്ടത് നിർബന്ധമാണ്. ഈ 'അഖ്ലാഖ്' അടിത്തറ എന്ന നിലയിലുള്ളതാണ്. അത് ഇളകിക്കൊണ്ടിരുന്നാൽ അതിൽ കെട്ടിടം പണിയാൻ കഴിയുകയില്ല. 'അഖ്ലാഖ്' എന്നാൽ, ഒരു കല്ലിനുമേൽ മറ്റൊരു കല്ല് വെക്കലാണ്. ഒരു കല്ല് വളഞ്ഞുപോയാൽ ഭിത്തി മുഴുവൻ വളഞ്ഞുപോകും.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### പ്രാർഥിക്കുക മനുഷ്യന്റെ പ്രത്യേകതയാണ്; സ്വീകരിക്കുക അല്ലാഹുവിന്റേയും.

പ്രാർഥിക്കുക മനുഷ്യന്റെ പ്രത്യേകതയാണ്; സ്വീകരിക്കുക അല്ലാഹുവിന്റേയും. ഇത് മനസ്സിലാക്കാത്തവനും അംഗീകരിക്കാത്തവനും വ്യാജനാണ്. കുഞ്ഞിന്റെ ഉദാഹരണം ഞാൻ വിവരിച്ചു. അത് ദുആയുടെ തത്ത്വശാസ്ത്രം നല്ലവണ്ണം പരിഹരിച്ച് കാണിക്കുന്നുണ്ട്. റഹ്മാനിയ്യത്തും റഹീമിയ്യത്തും രണ്ടല്ല. അതിനാൽ ഒന്നാമത്തേതിനെ ഉപേക്ഷിച്ച് രണ്ടാമത്തേത് ആഗ്രഹിക്കുന്നവൻ അവനെ കണ്ടുമുട്ടുകയില്ല. നമ്മളിൽ റഹീമിയ്യത്തുകൊണ്ട് അനുഗ്രഹമെടുക്കാനുള്ള കരുത്ത് ഉണ്ടാക്കുക എന്നതാണ് റഹ്മാനിയ്യത്തിന്റെ തേട്ടം. അങ്ങനെ ചെയ്യാത്തവൻ അനുഗ്രഹത്തെ നിഷേധിക്കുന്നവനാണ്. ഇയ്യാക്ക നഅ്ബുദു എന്നതിന്റെ അർഥം ഞങ്ങൾ നിന്നെ ആരാധിക്കുന്നു എന്നാണ്; നീ നല്കിയിട്ടുള്ള ബാഹ്യമായ സാധനസാമഗ്രികളുടേയും കാര്യഹേതുക്കളുടേയും പ്രവർത്തനമാർഗംകൊണ്ട്. നോക്കൂ! ഈ നാവ്. അത് നാഡിഞരമ്പുകൾകൊണ്ട് സൃഷ്ടിച്ചിട്ടുള്ളതാണ്. അങ്ങനെയായിരുന്നില്ലെങ്കിൽ നമു ക്ക് സംസാരിക്കാൻ കഴിയുമായിരുന്നില്ല. അ ങ്ങനെതന്നെയാണ് ദുആ ചെയ്യുന്നതിന് നാവ് പ്രദാനം ചെയ്തിട്ടുള്ളതും. അത് മനസ്സിന്റെ ചിന്താഗതികളെ പ്രകടിപ്പിക്കണം. നമ്മൾ ദുആയുടെ ജോലി നാവുകൊണ്ട് എടുക്കുന്നില്ലെങ്കിൽ അത് നമ്മുടെ ദുർഭാഗ്യമാണ്. ക്ഷണത്തിൽത്തന്നെ നാവ് അതിന്റെ പ്രവൃത്തി ഉപേക്ഷിക്കാവുന്ന നിരവധി രോഗങ്ങളുണ്ട്; മനുഷ്യൻ ഊമയായിത്തീരുന്നു. അപ്പോൾ നമുക്ക് നല്കിവെച്ചിരിക്കുന്ന നാവ് എങ്ങനെയുള്ള റഹീമിയ്യത്താണ്. ഇപ്രകാരംതന്നെ ചെവികളുടെ സൃഷ്ടിപ്പിൽ വ്യത്യാസം വന്നാൽ ഒന്നും കേൾക്കാൻ കഴിയുകയില്ല. അതുപോലെതന്നെയാണ് ഹൃദയത്തിന്റെ അവസ്ഥ. അത് ഏകാഗ്രതയുടെ അവസ്ഥ ഉൾക്കൊള്ളുന്നു. ചിന്തിക്കാനും ആലോചിക്കാനുമുള്ള കഴിവുകൾ വെച്ചിരിക്കുന്നു. രോഗം ബാധിച്ചാൽ സകലതും പാഴായിപ്പോകുന്നു. ഭ്രാന്തന്മാരെ നോക്കുക; അവരുടെ കഴിവുകൾ എങ്ങനെയാണ് പാഴായിപ്പോകുന്നതെന്ന്! അപ്പോൾ ആ ദൈവദത്തമായ അനുഗ്രഹങ്ങളെ വിലമതിക്കുക എന്നത് നമ്മുടെ കർത്തവ്യമല്ലേ? അല്ലാഹു അവന്റെ തികവുറ്റ ഫള്ൽ(കൃപ)കൊണ്ട് നമുക്ക് പ്രദാനം ചെയ് തിരിക്കുന്ന ആ കഴിവുകളെ ഉപേക്ഷിച്ചാൽ നമ്മൾ അനുഗ്രഹങ്ങളെ നിഷേധിക്കുന്നവർ ആകുമെന്നതിൽ സംശയമില്ല. അതിനാൽ ഓർക്കുക! സ്വന്തം കഴിവുകളും ശക്തികളും പറ്റെ ഉപേക്ഷിച്ചുകൊണ്ട് ദുആ ചെയ്യുകയാണെങ്കിൽ ആ ദുആ ഒരു ഫലവും പ്രദാനം ചെയ്യുകയില്ല. കാരണം ആദ്യമേതന്നെ നല്കിയിട്ടുള്ളതുകൊണ്ട് നമ്മൾ പ്രവൃത്തിക്കാതെ വരുമ്പോൾ മറ്റുള്ളതിനെ എപ്പോഴാണ് നമുക്ക് ഫലപ്രദവും പ്രയോജനപ്രദവും ആക്കാൻ കഴിയുക.

### സത്യമായ ഉൾക്കാഴ്ച ചോദിക്കുന്നതിന് നിർദേശം

അതിനാൽ ഇയ്യാക്ക നഅ്ബുദു പറയുന്നത്, റബ്ബുൽആലമീനായ തമ്പുരാനേ! നിന്റെ ആദ്യത്തെ സമ്മാനത്തെ ഞങ്ങൾ പാഴാക്കുകയോ നശിപ്പിക്കുകയോ ചെയ്തില്ല എന്നാണ്. ഇഹ്ദിനസ്സ്വിറാത്തൽമുസ്തഖീമിൽ അല്ലാഹുവിനോടു സത്യമായ ഉൾക്കാഴ്ച ചോദിക്കാൻ മനുഷ്യൻ നിർദേശിക്കപ്പെട്ടിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അവന്റെ കൃപയും ഉദാരതയും നമ്മെ സംരക്ഷിക്കുന്നില്ലെങ്കിൽ ദുർബലനാ യ മനുഷ്യൻ എങ്ങനെയുള്ള അന്ധകാരത്തിലും ഇരുട്ടിലുമാണ് കുടുങ്ങുന്നതെന്നാൽ അവന് ദുആ ചെയ്യാൻതന്നെ സാധിക്കുകയില്ല. റഹ്മാനിയ്യത്തിന്റെ കൃപാകടാക്ഷത്താലുണ്ടായ അല്ലാഹുവിന്റെ ഈ ഫള്ലിനെ മനുഷ്യൻ പ്രയോജനപ്പെടുത്തി ദുആ ചെയ്യുന്നില്ലെങ്കിൽ, ഉത്തമമായ ഒരു ഫലവുമുണ്ടാകുകയില്ല.

കൃഷിക്കുവേണ്ടി ലോൺ എടുക്കുമ്പോൾ സ്വത്തോ മറ്റോ നിർബന്ധമായും ആദ്യമേ കാണിക്കണമെന്നത് ഞാൻ ആഗ്ലേയ നിയമത്തിൽ കുറെ മുമ്പേ കണ്ടിരുന്നു. ഇതേപ്രകാരം പ്രകൃതിനിയമത്തിലേക്ക് നോക്കുക. അതായത് എന്തൊന്നാണോ നമുക്ക് ആദ്യമെ നല്കപ്പെട്ടത് അതിൽനിന്ന് നമ്മൾ എന്താണുണ്ടാക്കിയത്? ബുദ്ധിയും വിവേകവും കണ്ണും ചെവിയും ഉണ്ടായിട്ടും വഴി തെറ്റിയിട്ടില്ലെങ്കിൽ, അജ്ഞതയിലേക്കും ഭ്രാന്തത്വത്തിലേക്കും പോയിട്ടില്ലെങ്കിൽ ദുആ ചെയ്യുക. ഇനിയും കൂടുതൽ ദൈവാനുഗ്രഹം കിട്ടുന്നതായിരിക്കും. ഇല്ലെങ്കിൽ പിന്തള്ളപ്പെടലും ദൗർഭാഗ്യവുമായിരിക്കും ഫലം.

### ഹിക്മത്ത് അഥവാ യുക്തിജ്ഞാനത്തിന്റെ അർഥം

ചില ഘട്ടങ്ങളിൽ നമ്മുടെ സ്നേഹിതന്മാർക്ക് ക്രിസ്ത്യാനികളുമായി ഇടപെടേണ്ടിവരുന്നതായിരിക്കും. യുക്തിജ്ഞനായ അല്ലാഹുവിനെക്കുറിച്ച് പറയാൻ പറ്റുന്ന ഒരു കാര്യവും അജ്ഞരായ അവരിൽ കാണുകയില്ല. ഹിക്മത്ത് അഥവാ യുക്തിജ്ഞാനത്തിന്റെ അർഥമെന്താണ്? വള് ഉശ്ശയ്ഇ ഫീ മഹില്ലിഹീ (ഓരോ വസ്തുവും അതാതിന്റെ സ്ഥാനത്ത് ഉപയോഗിക്കുക). എന്നാൽ, അവരിൽ നോക്കിയാൽ ഒരു കർമവും കല്പനയും അതിന് തെളിവായി കാണുകയില്ല. *ഇഹ്ദിനസ്സ്വിറാത്തൽ മുസ്തഖീമ* എന്നതിൽ നമ്മൾ അതീവ സൂക്ഷ്മതയോടെ ചിന്തിക്കുമ്പോൾ ഇശാറത്തുന്നസ് (ഖുർആന്റെ സൂചന) എന്ന നിലയിൽ, അതിൽനിന്ന് ദുആ ചെയ്യാനുള്ള കല്പനയാണെന്ന് ബാഹ്യമായി മനസ്സിലാകുന്നുണ്ടെങ്കിലും *സ്വിറാത്ത്വൽ മുസ്തഖീമി*ന്റെ സന്മാർഗം ചോദിക്കാനുള്ള അധ്യാപനമാണുള്ളത്. പക്ഷേ, *ഇയ്യാക്ക നഅ്ബുദു വ ഇയ്യാക്ക നസ്തയീന* അതിന്റെ മീതെ പറഞ്ഞുകൊണ്ടിരിക്കുന്നത് അതിൽനിന്ന് ഫലമെടുക്കുക എന്നാണ്. അതായത് നേരായ മാർഗത്തിന്റെ നിലകൾ കരസ്ഥമാക്കുന്നതിന് സംശുദ്ധമായ കഴിവുകൾ പ്രയോജനപ്പെടുത്തി ദൈവസഹായം ചോദിക്കേണ്ടതാണ്.

### സൽസ്വഭാവംകൊണ്ടുള്ള ഉദ്ദേശ്യം

ഇനി എന്താണ് ചോദിക്കേണ്ടത് എന്നതിനെക്കുറിച്ച് ചിന്തിക്കേണ്ടതാണ്. ഒന്നാമതായി മനുഷ്യനെ മനുഷ്യനാക്കിത്തീർക്കുന്ന ധാർമികത അഥവാ സൽസ്വഭാവം. സൽസ്വഭാവംകൊണ്ട് ആരോടെങ്കിലും മൃദുവായി പെരുമാറുക എന്നതുമാത്രം ആരും ഉദ്ദേശ്യമായെടുക്കരുത്. ഖൽഖ്, ഖുൽഖ് രണ്ടു പദമാണ്. അത് വിപരീതാർഥങ്ങൾ ഉൾക്കൊള്ളുന്നു. ഖൽഖ് എന്നാൽ,

(ശേഷം പേജ് 11ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

**2018 ഒക്ടോബർ 24 ബുധനാഴ്ച (തുടർച്ച...)**

**ഗ്വാട്ടിമാലയിൽ നിന്ന് നിർഗമനവും അമേരിക്കയിലെ ഹ്യൂസ്റ്റണിൽ ആഗമനവും**

രാവിലെ അഞ്ച് മണിക്ക് ഹോട്ടൽ ഹാളിൽ ഹുദൂർ സുബ്ഹി നമസ്കാരത്തിന് നേതൃത്വം നല്കി. ഗ്വാട്ടിമാല സന്ദർശനത്തിന്റെ അവസാന ദിവസമായ ഇന്ന് ഹുദൂർ അവിടെനിന്ന് അമേരിക്കയിലെ ഹൂസ്റ്റണി(Houston)ലേക്ക് മടങ്ങുകയാണ്.

രാവിലെ 10 മണിക്ക് ഹുദൂർ താമസസ്ഥ ലത്തുനിന്ന് പുറത്തു വന്നു. അതിരാവിലെ മുതൽ തന്നെ ഹുദൂറിനെ യാത്രയാക്കാൻ ഗ്വാട്ടിമാലയിലെ ആബാലവൃദ്ധം അഹ്മദികളും ഹോട്ടൽപരിസരത്ത് ഒത്തു കൂടിക്കൊണ്ടിരുന്നു. മെക്സിക്കോ, ബെലീസ് തുടങ്ങിയ രാഷ്ട്രങ്ങളിൽ നിന്നുള്ള പുതു അഹ്മദികളും ഇതിൽപെടുന്നു. ഹുദൂർ താമസസ്ഥലത്തുനിന്ന് പുറത്തു വന്നതും എല്ലാവരും കൈയുയർത്തി വീശിക്കൊണ്ട് ഹുദൂറിന് യാത്രയയപ്പ് നല്കി. പെൺകുട്ടികളും ലജ്നകളും പ്രാർഥനാഗീതങ്ങൾ ആലപിച്ചു. കുറച്ചു സമയം ഹുദൂർ അവരുടെ മുമ്പിൽ സ്നേഹപുരസ്സരം നിന്നു. എല്ലാവർക്കും ഹുദൂറിനെ ദർശിക്കാനും സാധിച്ചു. പെൺകുട്ടികൾ ഗീതാലപനം തുടർന്നുകൊണ്ടിരുന്നു.

10.47-ന് ഹുദൂർ സമൂഹപ്രാർഥനക്ക് നേതൃത്വം നല്കി. തുടർന്ന് എയർപോർട്ടിലേക്ക് പുറപ്പെട്ടു. പോലീസ് എസ്കോർട്ട്(Escort)നല്കി. 11.45-ന് എയർപോർട്ടിലെത്തി. ബുക്കിംഗും ബോർഡിംഗ് കാർഡും എമിഗ്രേഷനും ഹുദൂർ എത്തുന്നതിന് മുമ്പേ പൂർത്തിയാക്കിയിരുന്നു. പ്രത്യേക പ്രോട്ടോകോളിന് കീഴിൽ ഹുദൂർ സ്പെഷ്യൽ ലോഞ്ചിലേക്ക് പോയി.

23-ാം തിയതി 1.15-ന് ഹുദൂർ വിമാനത്തിൽ ഉപവിഷ്ടനായി. 1.30-ന് യുണൈറ്റഡ് എയർലൈനിന്റെ യു എ-1903 വിമാനം അമേരിക്കയിലെ ഹ്യൂസ്റ്റണിലേക്ക് പറന്നു. ഹ്യൂസ്റ്റൺ പ്രാദേശിക സമയം 10.05-ന് ജോർജ് ബുഷ് ഇന്റർ നാഷണൽ എയർപോർട്ടിൽ വിമാനമിറങ്ങി. ഗ്വാട്ടിമാല സമയത്തേക്കാൾ ഒരു മണിക്കൂർ മുന്നിലാണ് ഹ്യൂസ്റ്റൺ സമയം. പ്രത്യേക പ്രോട്ടോക്കോൾ അനുസരിച്ച് എമിഗ്രേഷൻ ക്ലിയർ ചെയ്ത് 6.10-ന് ജമാഅത്ത് സെന്ററായ ബയ്ത്തുസ്സമീയിലേക്ക് ഹുദൂർ പുറപ്പെട്ടു. ളുഹ്റും അസ്റും ജംആക്കി ഹദൂർ നമസ്കരിപ്പിച്ചു.

ഹുദൂറിനെ സ്വീകരിക്കാൻ ആദരണീയരായ യു.എസ്.എ നാഇബ് അമീർ ഡോക്ടർ നസീം റഹ്മത്തുല്ലാഹ് സാഹിബ് സെക്രട്ടറി ഉമൂറെ ഖാരിജ ഡോക്ടർ അത്വാഉർറബ്ബ് സാഹിബ് എന്നിവർ എയർപോർട്ടിലെത്തിയിരുന്നു. ഹ്യൂസ്റ്റൺ മേയറിന്റെ പ്രതിനിധിയുടെ സാന്നിധ്യവും ഹുദൂറിനെ സ്വീകരിക്കാനുണ്ടായിരുന്നു. ബയ്ത്തുസ്സമീയിലേക്കുള്ള യാത്രാ വേളയിൽ പോലീസിന്റെ ആറ് മോട്ടർ സൈക്കിൾ, സംഘത്തിന് എസ്കോർട്ട് നല്കി. മിഷൻ ഹൗസുവരെ വഴി തടസം ഒഴിവാക്കിക്കൊണ്ടിരുന്നു. 6.35-ന് ബയ്ത്തുസ്സമീയിൽ എത്തിച്ചേർന്ന ഹുദൂറിനെ സ്വീകരിക്കാൻ വലിയൊരു ജനാവലി മുമ്പേ തന്നെ സന്നിഹിതരായിരുന്നു. ഹ്യൂസ്റ്റണിലേയും പരിസര പ്രദേശങ്ങളിലേയും ആളുകളെ ക്കൂടാതെ ഇതര ജമാഅത്തുകളായ ഡാളസ്, ആസ്റ്റൺ, ബോസ്റ്റൺ, സിൽവർ സ്പ്രിംഗ്, ലോറിയൽ ലോസ്ഏഞ്ചൽസ്, ബാൾട്ടിമോർ, തെനീസി, ബേപൗണ്ട്, ജോർജിയ, ഷിക്കാഗോ എന്നിവിടങ്ങളിൽനിന്നുള്ള അഹ്മദികളും ദീർഘദൂരയാത്ര ചെയ്ത് ഹുദൂറിനെ സ്വീകരിക്കാനെത്തിയിരുന്നു.

ലോസ്ഏഞ്ചൽസ്, സിൽവർ സ്പ്രിംഗ്, ലോറെൽ ജമാഅത്തുകളിൽ നിന്നുള്ള അഹ്മദി കുടുംബങ്ങൾ മൂന്നര മണിക്കൂർ വിമാന യാത്രയ്ക്കുശേഷവും ബേപൗണ്ട്, ബോസ്റ്റൺ എന്നിവടങ്ങളിൽ നിന്നുള്ളവർ നാലുമണിക്കൂർ വിമാന യാത്രയ്ക്കുശേഷവുമാണ് ഹുദൂറിനെ സ്വീകരിക്കാനെത്തിയത്. കനഡ, ജർമനി രാജ്യങ്ങളിൽനിന്നുള്ള അഹ്മദികളും മുമ്പേതന്നെ ഹുദൂറിനെ വരവേൽക്കാൻ ഹൂസ്റ്റണിൽ എത്തിയിരുന്നു.

ഹുസൂറിന്റെ വാഹനം ബയ്ത്തുസ്സമീയിന്റെ ഗേറ്റിലേക്ക് പ്രവേശിച്ചതും ആബാല വൃദ്ധം അഹ്മദി സ്ത്രീ പുരുഷന്മാരും ഉച്ചത്തിൽ മുദ്രാവാക്യം മുഴക്കാൻ തുടങ്ങി. പെൺകുട്ടികൾ സ്വാഗത ഗാനം ആലപിച്ചു. എല്ലാവരും കൈയുയർത്തി വീശി ഹുദൂറിന് സ്വാഗതമോതി. എല്ലാവർക്കും ഒരു സന്തോഷാഹ്ളാദത്തിന്റെ അവസരമായിരുന്നു അത്.

ഒക്ടോബർ 20-നായിരുന്നു ഹ്യൂസ്റ്റണിൽനിന്ന് ഹുദൂർ ഗ്വാട്ടിമാലയിലേക്ക് പോയത്. രണ്ട് ദിവസത്തിനുശേഷം ഹുദൂർ ഹ്യൂസ്റ്റണിലേക്ക് മടങ്ങുകയും ചെയ്തു. വൈകുന്നേരമായിരുന്നു. നേരം ഇരുട്ടി തുടങ്ങിയിരുന്നു. കോംപ്ലക്സും കെട്ടിടങ്ങളും വൃക്ഷങ്ങളും ചെടികളും മറ്റും വർണാഭമായ ലൈറ്റുകൾകൊണ്ട് മിന്നിത്തിളങ്ങി. പിസരവാസികളും സന്തോഷത്താൽ ആഹ്ലാദഭരിതരായിരുന്നു. ഏതാനും ദിവസങ്ങൾ ഹുദൂർ ഇവിടെ തങ്ങുന്നതാണ്. ഈ ദിനങ്ങളിൽ ഹുദൂറിന്റെ പിന്നിൽ നമസ്കരിക്കാനും മറ്റു ദുആകളിൽ പങ്കെടുക്കാനും എല്ലാവർക്കും അവസരം ലഭിക്കുന്നതായിരിക്കും.

ഹുദൂർ കൈയുയർത്തി എല്ലാവർക്കും അസ്സലാമു അലയ്ക്കും പറഞ്ഞു. തുടർന്ന് താമസസ്ഥലത്തേക്ക് മടങ്ങി. 8.30-ന് ഹുദൂർ ബയ്ത്തുസ്സമീയിൽ മഗ്രിബും ഇശായും ജംആക്കി നമസ്കരിപ്പിച്ചു.

**2018 ഒക്ടോബർ 25 വ്യാഴാഴ്ച**

ഹുദൂർ അയ്യദഹുല്ലാഹ് രാവിലെ 6.30-ന് ബയ്ത്തുസ്സമീയിലെത്തി. സുബ്ഹി നമസ്കരിപ്പിച്ചു. രാവിലെ ഓഫീസുകാര്യങ്ങളിൽ മുഴുകി. കത്തുകളും റിപ്പോർട്ടുകളും പരിശോധിച്ചു. വേണ്ട നിർദേശങ്ങൾ നല്കി.

2 മണിക്ക് ബയ്ത്തുസ്സമീയിൽ ഹുദൂർ ളുഹ്ർ അസ്ർ ജംആക്കി നമസ്കരിപ്പിച്ചു. 5.30-ന് ഹുദൂർ ഓഫീസിലെത്തി.

**ഹാരിസ്കൗണ്ടി കമ്മീഷണറുടെ ഹുദൂറുമായുള്ള കൂടിക്കാഴ്ച**

ഒരു അതിഥി ഹാരിസ് കൌണ്ടി പ്രെസിന്റ് 4 (Harris County 4 pecint)ന്റെ കമ്മീഷണർ ജാക്ക് കാഗൾ (Jack Cagle)സാഹിബ് ഹുദൂറുമായി കൂടിക്കാഴ്ചയ്ക്ക് എത്തിയിരുന്നു. കമ്മീഷണർ സാഹിബ് ജിന്നാ തൊപ്പി ധരിച്ചാണ് ഹുദൂറുമായി കൂടിക്കാഴ്ചയ്ക്കെത്തിയത്. ഇത് അദ്ദേഹം ഹ്യൂസ്റ്റൺ സെക്രട്ടറി തബ്ലീഗും സയീം അൻസാറുല്ലായുമായ തന്റെ സ്നേഹിതൻ നാസിർ ഹഫീള് മലിക് സാഹിബിൽ നിന്നുമാണ് വാങ്ങിയത്. ഈ തൊപ്പി അദ്ദേഹത്തിന് വളരെ യോജിക്കുന്നുണ്ട്. അതുകൊണ്ട് ആയിരിക്കും അദ്ദേഹം ഇത് ആഗ്രഹിച്ചത്. അപ്പോൾ ഹുദൂർ ചെറുപുഞ്ചിരിയോടെ പറഞ്ഞു:

ഈ തൊപ്പി താങ്കൾ വെച്ചുകൊള്ളുക. നാസിർ മറ്റൊന്ന് വാങ്ങിക്കൊള്ളും.

കമ്മീഷണർ: ഹുദൂർ ലോകത്തെ വിവിധ രാജ്യങ്ങൾ സന്ദർശിക്കാറുണ്ട് എന്ന് എനിക്കറിയാം. താങ്കൾ ഇത്രയധികം യാത്രയ്ക്കും പ്രവർത്തനങ്ങൾക്കുമിടയിൽ വിശ്രമിക്കുന്നതെപ്പോഴാണ്? എന്റെ പ്രവർത്തകർ പ്രോഗ്രാമുകൾ തയ്യാറാക്കുന്നത് എനിക്ക് വിശ്രമിക്കാൻ കഴിയുന്ന വിധത്തിലാണ്.

ഹുദൂർ: എന്റെ പ്രവർത്തകർ എന്റെ ഷെഡ്യൂൾ ഉണ്ടാക്കിയിരുന്നെങ്കിൽ എനിക്ക് വിശ്രമിക്കാനുള്ള സമയമേ കിട്ടില്ലായിരുന്നു. എന്നാൽ, ഭാഗ്യമെന്ന് പറയട്ടെ, എന്റെ ഷെഡ്യൂൾ ഞാൻ തന്നെയാണ് തയ്യാക്കുന്നത്. അതുകൊണ്ട് വിശ്രമത്തിനുള്ള സമയം കണ്ടെത്താറുണ്ട്. ജിന്നാ തൊപ്പി ധരിച്ചു കൊണ്ട് താങ്കൾ വരുന്നത് കണ്ടപ്പോൾ അഹ്മദിയാണെന്ന് വിചാരിച്ചു. ഇവിടെ വിസിറ്റ് ചെയ്യാൻ വന്നതാണെന്ന് തോന്നി.

കമ്മീഷണർ: തിരഞ്ഞെടുപ്പിന് ഇനി ഒരാഴ്ചയേ ബാക്കിയുള്ളൂ. എന്നാൽ ഹുദൂർ ഇവിടെ വന്നിരിക്കുമ്പോൾ കൂടിക്കാഴ്ചയ്ക്കുള്ള അവസരം നഷ്ടപ്പെടുത്തരുതെന്ന് മനസ്സിലാക്കിയാണ് കാണാൻ വന്നത്.

ഒടുവിൽ കമ്മീഷണർ സാഹിബ് ഹുദൂറിനോട് ദുആയ്ക്കപേക്ഷിച്ചു. കൂടിക്കാഴ്ചയ്ക്ക് അവസരം നല്കിയതിന് നന്ദിയും പറഞ്ഞു.

ഈ കൂടിക്കാഴ്ച 5.40 വരെ നീണ്ടുനിന്നു. ശേഷം കുടുംബങ്ങളുമായും വ്യക്തിഗതമായുമുള്ള കൂടിക്കാഴ്ച നടന്നു.

**കുടുംബപരവും വ്യക്തിഗതവുമായ കൂടിക്കാഴ്ചകളും വിശ്വാസ വർധക പ്രതികരണങ്ങളും**

ഇന്ന് വൈകുന്നേരം നടന്ന പ്രോഗ്രാമിൽ 63 കുടുംബങ്ങളും 16 വ്യക്തികളും ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. മൊത്തത്തിൽ 325 പേർക്കാണ് തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ കാണാനുള്ള ഭാഗ്യം ലഭിച്ചത്. ഇവർക്കെല്ലാം ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അവസരം ലഭിച്ചു. വിദ്യാർഥി വിദ്യാർഥിനികൾക്ക് ഹുദൂർ പേനയും കുട്ടികൾക്ക് ചോക്ളേറ്റും നല്കി. ഹ്യൂസ്റ്റൺ ജമാഅത്തിനെ കൂടാതെ മറ്റ്

(ശേഷം പേജ് 12ൽ)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**‘അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും, നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും നിത്യവും ഖുർആൻ പാരായണം ചെയ്യാൻ അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.’**

**(ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)**

ത്വാലിബെ ദുആ:
M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)

## ഖുത്ബ ജുമുഅ

ഖലീഫമാർ അവതരിപ്പിക്കുന്ന ദീൻ അല്ലാഹുവിന്റെ സംരക്ഷണത്തിലാകുന്നു.

ഖിലാഫത്ത് എന്നത് എന്താണെന്നാൽ, അതിൽനിന്നുള്ള അകൽച്ച മനുഷ്യനെ ഏതെങ്കിലും ആദരവിന് അർഹനാക്കുകയില്ല.

ഖലീഫയെ അനുസരിക്കുന്നത് .....എല്ലാ വ്യവസ്ഥിതികളുടേയും കേന്ദ്രവുമായതുകൊണ്ടാണ്.

എന്തായാലും എല്ലാ ഓരോരുത്തർക്കും കാലത്തിന്റെ ഖലീഫയെ അനുസരിക്കൽ നിർബന്ധമായിരിക്കും.

ആരെങ്കിലും ബയ്അത്ത് ചെയ്യാതിരുന്നിട്ടും അയാൾക്ക് ബയ്അത്ത് ചെയ്തയാളുടെ പദവിയിലിരിക്കാൻ സാധിക്കുമെന്ന് പറയുന്നവൻ ബയ്അത്തും സംവിധാനവും എന്തുവസ്തുവാണെന്ന് മനസ്സിലാക്കാത്തവനാണ്.

ഖിലാഫത്തിനു ബയ്അത്തുചെയ്യാതെയും ഇസ്‌ലാമിക സംവിധാനത്തിൽ മനുഷ്യന് നിലകൊള്ളാൻ സാധിക്കുമെന്ന് വിചാരിക്കുന്നത് ചരിത്രസംഭവങ്ങൾക്കും ഇസ്‌ലാമികാധ്യാപനത്തിനും തികച്ചും വിരുദ്ധമാണ്. ഇത്തരത്തിലുള്ള ചിന്താഗതികൾ വെച്ചു പുലർത്തുന്നവൻ ബയ്അത്തിന്റെ പൊരുൾ അല്പമെങ്കിലും അറിയുവന്നവനാണെന്ന് ഞാൻ മനസ്സിലാക്കുന്നില്ല.

കാലത്തിന്റെ ഖലീഫയ്ക്ക് ബയ്അത്ത്, ഖിലാഫത്തിന്റെ സ്ഥാനം, ഖിലാഫത്തിനോടുള്ള അനുസരണം എന്നിവയെ കുറിച്ചുള്ള ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ നിർദേശങ്ങളുടെ വെളിച്ചത്തിൽ ഉൾക്കാഴ്ചാഭരിതമായ വിവരണം.

ദാനധർമങ്ങൾ കൊടുക്കുകയും ദരിദ്രരെ തുറന്നമനസ്സോടെ സഹായിക്കുകയും ചെയ്ത ബദ്‌രി സ്വഹാബി **ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ)യുടെ അനുഗൃഹീത ജീവചരിത്രവിവരണം.**

ദീർഘകാലമായി ജമാഅത്തിനു സേവനം ചെയ്തുവന്ന സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാൻ അംഗം ആദരണീയനായ സയ്യിദ് മുഹമ്മദ് സർവർ ശാഹ് സാഹിബിന്റേയും അരനൂറ്റാണ്ടുവരെ ജമാഅത്തിന് സേവനം ചെയ്ത ആദരണീയയായ ശൗക്കത്ത് ഗോഹർ സാഹിബയുടേയും വേർപാടും പരേതാത്മക്കളെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.

**ഖുത്ബ ജുമുഅ 2020 ജനുവരി 17/1400 സ്വുൽഹ് 17,**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്(സർറെ),യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ -
اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ -
صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ)യെ കുറിച്ചുള്ള വിവരണം കഴിഞ്ഞ കുറച്ചു ഖുത്ബകളിൽ നടന്നുവരികയായിരുന്നു. ഇന്ന് ഞാൻ അതിന്റെ അവസാന ഭാഗം വിവരിക്കുന്നതാണ്.

നബി(സ)തിരുമേനിയുടെ വഫാത്തിനു ശേഷം അൻസ്വാർ തങ്ങളിൽനിന്നുതന്നെ ഖലീഫയാകണമെന്ന് ആഗ്രഹിച്ചവരിൽ ഇദ്ദേഹത്തിന്റെ പേരും പ്രത്യേകമായ നിലയിൽ സ്മരിക്കപ്പെടുന്നു. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) സീറത്തു ഖാത്തമുന്നബിയ്യിനി ൽ എഴുതിയിരിക്കുന്നു: 'അൻസ്വാറിന് അദ്ദേഹം ഖലീഫയായി തിരഞ്ഞെടുക്കപ്പെടുന്നതിൽ നിർബന്ധമുണ്ടായിരുന്നു. അദ്ദേഹം ജനതയുടെ നേതാവുമായിരുന്നു. ഹദ്റത്ത് അബൂബക്കർ(റ) ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ ഇദ്ദേഹത്തിന് ആ നേരത്ത് എന്നല്ല അതിനു മുമ്പേ തന്നെ അൻസ്വാർ പറഞ്ഞതുകൊണ്ട് കുറച്ച് ഇളക്കം തട്ടിയിരുന്നു; അതായത് അദ്ദേഹം തന്നെ ഖലീഫയാകണമെന്ന്! ഇതുസംബന്ധമായി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വലിയ വിശദമായ നിലയിൽ വെളിച്ചം വീശിയിട്ടുണ്ട്. അതോടൊപ്പം ഖിലാഫത്തിന്റെ സ്ഥാനമാഹാത്മ്യവും വിവരിച്ചിരുന്നു. അതുകൊണ്ടു ഞാൻ ആ വിവരണത്തിനു വലിയ പ്രധാന്യമുണ്ടെന്നു മനസ്സിലാക്കുന്നു. ദീർഘമായ സമയവും അതിന് ആവശ്യമാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഈ ഉദ്ധരണിയിൽനിന്ന് ആദ്യം ഹദീഥും പിന്നീട് ചരിത്രപരമായ ഒരു ഉദ്ധരണിയും സമർപിക്കുന്നതായിരിക്കും.

ഹുമയ്ദ് ബിൻ അബ്ദുർറഹ്മാൻ പറയുന്നു: 'നബി(സ) തിരുമേനിയുടെ വഫാത്തിന്റെ സമയത്ത്, ഹദ്റത്ത് അബൂബക്കർ(റ) മദീന മുനവ്വറയുടെ അതിർത്തി പ്രദേശത്തായിരുന്നു ഉണ്ടായിരുന്നത്. അദ്ദേഹം വന്നപ്പോൾ നബി(സ)തിരുമേനിയുടെ മുഖകമലത്തിൽനിന്ന് തുണിമാറ്റി അവിടത്തെ അനുഗൃഹീതമായ മുഖത്ത് ചുംബിച്ചു. എന്നിട്ട് പറഞ്ഞു: 'എന്റെ മാതാവും പിതാവും അങ്ങയ്ക്കു തെണ്ടമാകുന്നു! അങ്ങ് ജീവിച്ചിരിക്കുമ്പോഴും മരിച്ച അവസ്ഥയിലും എത്ര മാത്രം പരിശുദ്ധനാണ്.' തുടർന്നു പറഞ്ഞു: 'കഅ്ബയുടെ റബ്ബിനാണ! മുഹമ്മദ് സ്വല്ലല്ലാഹു അലയ്ഹിവസല്ലം വഫാത്തായിക്കഴിഞ്ഞിരിക്കുന്നു.' അതിനുശേഷം ഹദ്റത്ത് അബൂബക്കറും ഹദ്റത്ത് ഉമറും റളിയല്ലാഹു അൻഹുമാ വേഗം സഖീഫ ബനൂ സായിദയുടെ അടുത്തേക്കു പുറപ്പെട്ടു. ഇവരിരുവരും അവിടെ എത്തിയപ്പോൾ ഹദ്റത്ത് അബൂബക്കർ(റ) സംസാരം തുടങ്ങി. അദ്ദേഹം ഖുർആനിൽ അൻസ്വാറിനെക്കുറിച്ച് എന്തൊന്നാണോ ഇറങ്ങിയത് അതൊന്നും വിട്ടുകളഞ്ഞില്ല. നബി(സ)തിരുമേനി അൻസ്വാറിന്റെ ശ്രേഷ്ഠതയെ കുറിച്ച് എന്തൊന്നാണോ പറഞ്ഞത് അതുമെല്ലാം വിവരിച്ചു. പിന്നീട് അവിടന്ന് പറഞ്ഞു: 'നബി(സ)തിരുമേനി പറഞ്ഞത് നിങ്ങൾക്ക് ഓർമയുണ്ടാകും; ആളുകൾ ഒരു താഴ്‌വരയിൽപോകുകയും അൻസ്വാർ മറ്റൊരു താഴ്‌വരയിൽ പോകുകയും ചെയ്താൽ ഞാൻ അൻസ്വാറിന്റെ താഴ്‌വരയിലായിരിക്കും പോകുക.' പിന്നീട് ഹദ്റത്ത് സഅ്ദിനെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു: 'സഅ്ദേ! താങ്കൾ ഇരിക്കുന്ന ഒരു സന്ദർഭത്തിൽ നബി(സ)തിരുമേനി ഖിലാഫത്തിന്റെ അവകാശികൾ ഖുറയ്ശികളാണെന്ന് പറഞ്ഞത് താങ്കൾക്ക് അറിവുണ്ടായിരിക്കും. ജനങ്ങളിൽനിന്നുള്ള നല്ലവർ ഖുറയ്ശിലെ നല്ലവരായ ആളുകൾക്ക് വിധേയരായിരിക്കും. കുറ്റവാളികൾ ഖുറയ്ശിലെ കുറ്റവാളികൾക്ക് വിധേയരായിരിക്കും.' അപ്പോൾ ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ) പറഞ്ഞു: 'താങ്കൾ പറഞ്ഞത് സത്യമാണ്. ഞങ്ങൾ മന്ത്രിമാരും നിങ്ങൾ ഭരണകർത്താക്കളുമാകുന്നു.' ഇത് മുസനദ് അഹ്മദ് ബിൻ ഹമ്പലിൽവന്നിട്ടുള്ള ഹദീഥാണ്.'(മുസനദ് അഹ്മദ് ബിൻ ഹമ്പൽ, വാള്യം 1, പേജ് 158–159, മുസനദ് അബീബക്കർ സിദ്ദീഖ്, ഹദീഥ് 18, പ്രസാധകർ ദാറുൽഹദീഥ് ഖാഹിറ 1994)

ത്വബഖാത്തുൽ കുബ്റായിൽ ഈ സന്ദർഭത്തിന്റെ വിശദീകരണമുണ്ട്. ഇങ്ങനെ എഴുതിയിരിക്കുന്നു: 'നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം ഹദ്റത്ത് അബൂബക്കർ(റ), തനി

ക്ക് വന്ന് ബയ്അത്ത് ചെയ്യുന്നതിന് ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ)യ്ക്കു സന്ദേശം അയച്ചു. കാരണം ആളുകളെല്ലാം ബയ്അത്ത് ചെയ്തിരിക്കുന്നു. അങ്ങയുടെ ജനതയും ബയ്അത്ത് ചെയ്തിരിക്കുന്നു.' അപ്പോൾ അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണ! എന്റെ ആവനാഴിയിലുള്ള എല്ലാ അമ്പുകളും ഞാൻ പ്രയോഗിക്കുന്ന ആ സമയംവരെ ഞാൻ ബയ്അത്ത് ചെയ്യുകയില്ല. എന്റെ ഗോത്രത്തിലും ജനതയിലും പെട്ട എനിക്കു വിധേയരായ ആളുകളോടൊപ്പം നിങ്ങളോടു യുദ്ധം ചെയ്യാത്തിടത്തോളവും!' അതായത് അദ്ദേഹം വിസമ്മതിച്ചു. ഹദ്റത്ത് അബൂബക്കറിന് ഈ വിവരം ലഭിച്ചപ്പോൾ, ബശീർ ബിൻ സഅ്ദ്(റ) പറഞ്ഞു: 'ഖലീഫത്തുർറസൂലേ! അദ്ദേഹം നിഷേധിച്ചിരിക്കുകയാണ്. നിഷേധത്തിൽ ശഠിച്ചുനില്ക്കുകയാണ്. ഇനി താങ്കൾ അദ്ദേഹത്തെ വധിച്ചാലും ശരി, അദ്ദേഹം താങ്കൾക്ക് ബയ്അത്ത് ചെയ്യുന്നവനല്ല. അദ്ദേഹത്തോടൊപ്പം അദ്ദേഹത്തിന്റെ മക്കളേയും അദ്ദേഹത്തിന്റെ ഗോത്രത്തേയും വധിക്കാത്തിടത്തോളം അദ്ദേഹത്തെ ഒരിക്കലും വധിക്കുവാൻ സാധിക്കുകയില്ല. അവരുടെ ഖസ്റജ് ഗോത്രത്തെ വധിക്കാത്തിടത്തോളം ഇക്കൂട്ടർക്ക് ഒരിക്കലും വധിക്കാൻ സാധിക്കുകയില്ല; ഔസ് ഗോത്രത്തെ വധിക്കാത്തിടത്തോളം. ജനങ്ങൾക്ക് കാര്യം നേരെയായി കഴിഞ്ഞതുകൊണ്ട് അങ്ങ് അദ്ദേഹത്തിന്റെ കാര്യത്തിൽ ധിറുതികാണിക്കരുത്. അദ്ദേഹത്തിന് താങ്കൾക്ക് ഒരുവിധ നഷ്ടവും വരുത്താൻ കഴിയുകയില്ല. അതായത് അദ്ദേഹത്തിന്റെ ജനതയിലെ അധികപേരും ബയ്അത്ത് ചെയ്തു കഴിഞ്ഞിരിക്കുന്നു. അദ്ദേഹം നിഷേധിച്ചെങ്കിൽ അത് കാര്യമാക്കേണ്ടതില്ല. കാരണം ഏകനായി ഉപേക്ഷിക്കപ്പെട്ട വ്യക്തിയാണദ്ദേഹം.' അങ്ങനെ ഹദ്റത്ത് അബൂബക്കർ(റ), ഹദ്റത്ത് ബശീറിന്റെ ഈ നിർദേശം സ്വീകരിച്ചുകൊണ്ട് ഹദ്റത്ത് സഅ്ദിനെ വെറുതെവിട്ടു. പിന്നീട് ഹദ്റത്ത് ഉമർ ഖലീഫയായപ്പോൾ ഒരിക്കൽ മദീനയുടെ തെരുവിൽവച്ച് അദ്ദേഹം ഹദ്റത്ത് സഅ്ദുമായി കണ്ടുമുട്ടി. അപ്പോൾ ഹദ്റത്ത് ഉമർ പറഞ്ഞു: 'പറയൂ സഅ്ദേ! ഹദ്റത്ത് സഅ്ദ് പറഞ്ഞു: പറയൂ ഉമറേ! അവർ പരസ്പരം സംസാരിക്കുകയാണ്. ഹദ്റത്ത് ഉമർ ചോദിച്ചു: 'താങ്കൾ മുമ്പേയുള്ളതുപോലെ തന്നെയാണോ ഇപ്പോഴും?' സഅ്ദ് പറഞ്ഞു: 'അതെ. ഞാൻ അങ്ങനെ തന്നെയാണ്. താങ്കൾക്ക് ഖിലാഫത്ത് കിട്ടിയിരിക്കുന്നു. ശരിതന്നെയാണ്, ഖിലാഫത്ത് താങ്കൾക്ക് കിട്ടി! ധാരാളമാളുകൾ ബയ്അത്തും ചെയ്തു. പക്ഷേ, ഞാൻ ഇതുവരെ ചെയ്തിട്ടില്ല.' പിന്നീട് അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണ! താങ്കളുടെ കൂട്ടാളി അതായത് ഹദ്റത്ത് അബൂബക്കർ(റ) നമുക്ക് താങ്കളെക്കാൾ പ്രിയങ്കരനായിരുന്നു.' ഇത് ഹദ്റത്ത് ഉമറിനോടു ഹദ്റത്ത് സഅ്ദ്(റ) പറഞ്ഞതാണ്. പിന്നീട് ഹദ്റത്ത് സഅ്ദ് പറഞ്ഞു: 'അല്ലാഹുവാണ! താങ്കളുടെ അയൽപക്കം ഇഷ്ടപ്പെടാത്ത അവസ്ഥയിൽ ഞാൻ നേരം വെളുപ്പിച്ചു.' ഹദ്റത്ത് ഉമർ(റ) പറഞ്ഞു: 'ആരാണോ തന്റെ അയൽപക്ക സുഹൃത്ബന്ധം ഇഷ്ടപ്പെടാത്തത് അയാളുടെ അടുക്കൽനിന്ന് അയാൾ മാറിപ്പോകേണ്ടതാണ്.' ഹദ്റത്ത് സഅ്ദ്(റ) പറഞ്ഞു: 'ഞാനിത് മറക്കുന്നവനല്ല.' അതായത് താൻ അങ്ങനെ തന്നെ ചെയ്യുമെന്ന്. ഞാൻ എങ്ങനെയുള്ള അയൽപക്കസുഹൃത്ബന്ധത്തിലേക്കാണ് പോകുന്നതെന്നാൽ അവരുടെ അഭിപ്രായത്തിൽ അങ്ങയെക്കാൾ ഉത്തമരാണ്. അധികം കഴിയുന്നതിനുമുമ്പേ ഹദ്റത്ത് സഅ്ദ്(റ), ഹദ്റത്ത് ഉമർ(റ)ന്റെ ഖിലാഫത്തിന്റെ തുടക്കത്തിൽ സിറിയയിലേക്ക് ഹിജ്റത്ത് ചെയ്തു.(അത്ത്വബഖാത്തുൽ കുബറാ ലിഇബ്നി സഅ്ദ്, ഭാഗം 3, സഅ്ദ് ബിൻ ഉബാദ(റ), പേജ് 312, ദാറു അഹ്യാഉത്തുറാഥ് അൽഅറബി, ബേറൂത്ത് ലബനാൻ 1996)

ഹദ്റത്ത് സഅ്ദിനെ സംബന്ധിച്ച് അദ്ദേഹം ഹദ്റത്ത് അബൂബക്കറിൽ ബയ്അത്ത് ചെയ്തിരുന്നുവെന്നും പരാമർശമുണ്ട്. ത്വബ്രിയുടെ ചരിത്ര ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നു:

'*വത്തബഅൽ ഖൗമു അലൽ ബയ്അത്തി വബായിഅ സഅ്ദുൻക* എല്ലാ ജനതയും ഹദ്റത്ത് അബൂബക്കറിന് ഊഴമനുസരിച്ച് ബയ്അത്ത് ചെയ്തു. അങ്ങനെ ഹദ്റത്ത് സഅ്ദും ബയ്അത്ത് ചെയ്തു.'(താരീഖുത്ത്വബരി, വാല്യം 3, പേജ് 266, ദാറുൽ ഫിക്ർ ബേറൂത്ത് 2002)

എന്തായാലും ഞാൻ പറഞ്ഞതുപോലെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിശദീകരിച്ച് പറഞ്ഞതിൽ ധാരാളം വശങ്ങൾ വിവരിച്ചിരിക്കുന്നു. ഖിലാഫത്തിന് ബയ്അത്ത് ചെയ്യേണ്ട ആവശ്യമെന്താണ്? ഖിലാഫത്തിന്റെ സ്ഥാനമെന്താണ്? എന്തൊന്നാണോ സഅ്ദ് ചെയ്തത് അതിന്റെ നിലയെന്താണ്? തുടങ്ങിയവ.

അവിടന്ന് തന്റെ ഒരു ഖുത്ബയിൽ പറഞ്ഞു: 'ഖതൽ' എന്നതിന്റെ അർഥം ബന്ധം വിച്ഛേദിക്കുക എന്നുമുണ്ട്. നബി(സ)തിരുമേനിയുടെ വഫാത്തിനു ശേഷം സ്വഹാബത്തിൽ ഖിലാഫത്തിനെ സംബന്ധിച്ച് അഭിപ്രായഭിന്നത ഉടലെടുത്തു. അൻസ്വാർ വിചാരിച്ചിരുന്നത്, ഖിലാഫത്ത് അവരുടെ അവകാശമാണെന്നാണ്; ഞങ്ങൾ നാട്ടുകാരാണ്. കുറഞ്ഞ പക്ഷം മുഹാജിരീംകളിൽനിന്ന് ഒരു ഖലീഫ ഉണ്ടായാൽ ഒരാൾ അൻസ്വാറിൽനിന്നുമുണ്ടാകണം.' അതായത് ഈരണ്ടുപേർ. 'ബനൂ ഹാശിം ചിന്തിച്ചത്, ഖിലാഫത്ത് അവരുടെ അവകാശമാണെന്നാണ്. നബി(സ)തിരുമേനി തങ്ങളുടെ കുടുംബക്കാരനാണ്. മുഹാജിറുകൾ പൊതുവെ ആഗ്രഹിച്ചത്, ഖലീഫ ഖുറയ്ശികളിൽനിന്ന് ആയിരിക്കണമെന്നാണ്. കാരണം അറേബ്യക്കാർ ഖുറയ്ശികൾ പറയുന്നല്ലാതെ മറ്റാരു പറഞ്ഞാലും അംഗീകരിക്കുന്നവരായിരുന്നില്ല. എന്നാൽ, അവർ ഏതെങ്കിലും പ്രത്യേക വ്യക്തിയെ അവതരിപ്പിച്ചിരുന്നില്ല. മറിച്ച് ആളെ നിർണയിക്കുന്നതിന് തിരഞ്ഞെടുപ്പ് ആഗ്രഹിച്ചിരുന്നു.' അതായത് തിരഞ്ഞെടുപ്പ് നടത്താമെന്ന്. 'മുസ്‌ലിമീങ്ങൾ ആരെയാണോ തിരഞ്ഞെടുക്കുന്നത് അദ്ദേഹം അല്ലാഹുവിൽനിന്നുള്ള ഖലീഫയാണെന്ന് മനസ്സിലാക്കുന്നതായിരിക്കും. അങ്ങനെ അവർ ഈ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ അൻസ്വാറും ബനൂഹാശിമും അവരോടു യോജിച്ചു. എന്നാൽ, ഒരു സ്വഹാബിക്ക് ഇക്കാര്യം മനസിലായില്ല. അത് ഒരു അൻസ്വാരി സ്വഹാബിയായിരുന്നു. അദ്ദേഹത്തെ അൻസ്വാർ അവരുടെ ഖലീഫയാക്കാൻ ആഗ്രഹിച്ചിരുന്നതാണ്. അതുകൊണ്ട് അദ്ദേഹം ഇക്കാര്യം തനിക്ക് അപമാനമാണെന്ന് കരുതി. അല്ലെങ്കിൽ ഇക്കാര്യം അദ്ദേഹത്തിന് മനസ്സിലായില്ല. അദ്ദേഹം പറഞ്ഞു: 'ഞാൻ അബൂബക്കറിന് ബയ്അത്ത് ചെയ്യാൻ ഒരുക്കമല്ല. ഹദ്റത്ത് ഉമർ ആ സന്ദർഭത്തിൽ പറഞ്ഞ വാക്ക്, ചില ചരിത്രങ്ങളിൽ വന്നിട്ടുള്ളത് ഇതാണ്: ഉഖ്ത്തുലൂ സഅ്ദൻ അതായത് സഅ്ദിനെ വധിക്കുക. പക്ഷേ, അദ്ദേഹം ആത്മഹത്യചെയ്യുകയോ മറ്റാരെങ്കിലും അദ്ദേഹത്തെ വധിക്കുക്കുകയോ ചെയ്തില്ല. ഹദ്റത്ത് ഉമർ ഉദ്ദേശിച്ചത്, സഅ്ദുമായി ബന്ധം വിച്ഛേദിക്കുകയെന്നത് മാത്രമാണെന്ന് ചില ഭാഷാപണ്ഡിതന്മാർ പറയുന്നു. ഹദ്റത്ത് സഅ്ദ് സ്ഥിരമായി മസ്ജദിൽ വരികയും തനിച്ച് നമസ്കരിച്ച് പൊയ്ക്കളയുകയും ചെയ്യുമായിരുന്നുവെന്ന് ചില ചരിത്രങ്ങളിൽ എഴുതിയിട്ടുണ്ട്. ഒരു സ്വഹാബിയും അദ്ദേഹത്തോടു സംസാരിച്ചിരുന്നില്ല. അതിനാൽ 'ഖതൽ' എന്നതിന്റെ വ്യഖ്യാനം ബന്ധം വിച്ഛേദിക്കുക, സമൂഹത്തിൽ നിന്ന് വിട്ടുനില്ക്കുകയെന്നും ആകുന്നു."(ഖുത്ബാത്തെ മഹ്മൂദ് വാല്യം 16, പേജ് 81–82, ഖുത്ബ ജുമുഅ 1–2–1935)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) സഅ്ദ് ബിൻ ഉബാദയുടെ സംഭവത്തെ കൂടുതൽ വിശദീകരിച്ച് പറയുന്നു: ആ ഖുത്ബയെ ഉദ്ധരിച്ച് ഞാൻ ആദ്യം വായിച്ച ഉദ്ധരണി അവിടന്ന് പറയുന്നു: ഞാൻ ആദ്യം ഒരു ഖുത്ബയിൽ ഒരു അൻസ്വാരി സ്വഹാബിയെ കുറിച്ച് പറഞ്ഞിരുന്നു. അതായത് നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം അൻസ്വാറിൽനിന്ന് ഖലീഫയെ നിശ്ചയിക്കണമെന്ന് ചില അൻസ്വാർ ആവശ്യപ്പെട്ടിരുന്നു. പക്ഷേ, മുഹാജിരീൻ പ്രത്യേകിച്ചും ഹദ്റത്ത് അബൂബക്കർ(റ)സ്വഹാബത്തിനോടു പറഞ്ഞു, ഇത്തരത്തിലുള്ള തിരഞ്ഞെടുപ്പ് ഒരിക്കലും ഇസ്‌ലാം മതത്തിന് ഫലപ്രദമാകുകയില്ല. മുസ്‌ലിമീങ്ങൾ ഒരിക്കലും ഈ തിരഞ്ഞെടുപ്പ് ഇഷ്ടപ്പെടുകയുമില്ല. അതായത് അൻസ്വാറിനെ തിരഞ്ഞെടുക്കുന്നത്. പിന്നെ അൻസ്വാറും മുഹാജിരീനും ഇക്കാര്യത്തിനുവേണ്ടി സംഘടിച്ചു. അതായത് ഏതെങ്കിലും മുഹാജിറിന്റെ കൈയിൽ ബയ്അത്തു ചെയ്യാൻ യോജിച്ചു. അവസാനം ഹദ്റത്ത് അബൂബക്കറിന്റെ കാര്യത്തിലാണ് അവരെല്ലാവരും യോജിച്ചത്. അൻസ്വാറിൽ ആരും യോജിക്കുമായിരുന്നില്ല. ഹദ്റത്ത് അബൂബക്കർ(റ) കാര്യം വ്യക്തമാക്കി. ഇതു ഫലപ്രദമാകുകയില്ലെന്ന് മറ്റുചില സ്വഹാബിമാരും കാര്യങ്ങൾ വ്യക്തമാക്കി. എന്തായാലും മുഹാജിരീംകളിൽനിന്ന് ഖലീഫ ഉണ്ടാകണമെന്ന കാര്യത്തിൽ തീരുമാനമായി. പിന്നീട് ഹദ്റത്ത് അബൂബക്കർ(റ)നെ ഖലീഫയാക്കുന്നതിൽ എല്ലാവരും യോ ജിച്ചു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ഞാൻ ആ നേരത്ത് പറഞ്ഞിരുന്നു സഅ്ദ് ബയ്അത്തിന്റെ കാര്യം താമസിച്ചപ്പോൾ അല്പം തടസമുണ്ടാക്കിയപ്പോൾ ഹദ്റത്ത് ഉമർ(റ) പറഞ്ഞു: *ഉഖ്തുലൂ സഅ്ദൻ* അതായത് സഅ്ദിനെ വധിക്കുക. എന്നാൽ, സഅ്ദിനെ അദ്ദേഹം വധിച്ചില്ല, മറ്റു സ്വഹാബത്തും വധിച്ചില്ല. പ്രത്യുത അദ്ദേഹം ഉമറിന്റെ ഖിലാഫത്ത് കാലം

**'മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേല്ക്കുക.'**
**(ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.**

**"വ്യക്തിപരമായ നിലയിൽ ലയ്ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്."**
**(ജുമുഅ ഖുത്ബ 25–7–2014)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.**

വരെ ജീവിച്ചു. 'ഹദ്റത്ത് സഅ്ദ്(റ), ഹദ്റത്ത് ഉമറിന്റെ ഖിലാഫത്തുവരെ ജീവിച്ചിരുന്നു; ആദ്യത്തെ ഉദ്ധരണിയിൽ പറഞ്ഞുകഴിഞ്ഞതു പോലെ. ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ സിറിയയിൽവച്ചു വഫാത്തായി. അദ്ദേഹം ഹിജ്റത്ത് ചെയ്തിരുന്നു. സിറിയയിൽ വഫാത്തായി. അതുകൊണ്ട് കഴിഞ്ഞുകടന്ന പണ്ഡിതന്മാർ 'ഖതൽ' എന്നതിന്റെ അർഥം ഇവിടെ ശാരീരികമായുളള വധമല്ല മറിച്ച് ബന്ധം വിച്ഛേദിക്കുക എന്നാണെന്ന് തെളിവു നല്കിയിരിക്കുന്നു. അറബി ഭാഷയിൽ 'ഖതലി'ന് ഒരുപാട് അർഥങ്ങളുണ്ട്. ഉർദുവിൽ 'ഖതൽ' എന്നതിന്റെ അർഥം ശാരീരികമായ വധമാണെന്നതിൽ സംശയമില്ല. എന്നാൽ, അറബി ഭാഷയിൽ 'ഖതൽ' എന്ന പദം ഉപയോഗിക്കുമ്പോൾ അത് പല അർഥങ്ങളിലും പ്രയോഗിക്കാറുണ്ട്. അവയിലൊരു അർഥം ബന്ധം വിച്ഛേദിക്കുക എന്നുമാണ്. നിഘണ്ടുകർത്താക്കൾ തെളിവു പറയുന്നത്, ഹദ്റത്ത് ഉമർ(റ) ഉദ്ദേശിച്ചത് 'ഖതൽ' എന്നതുകൊണ്ട് ശാരീരികമായ വധമല്ല പ്രത്യുത ബന്ധം വിച്ഛേദിക്കുക, അദ്ദേഹത്തെ വെറുതെവിടുക, അദ്ദേഹവുമായി സംസാരിക്കാതിരിക്കുക എന്നതായിരുന്നു. ഇനി അങ്ങനെയല്ലായിരുന്നെങ്കിൽ 'ഖതൽ' എന്നതുകൊണ്ടുള്ള ഉദ്ദേശ്യം ശാരീരികമായി വധിക്കുക എന്നതായിരുന്നുവെങ്കിൽ അത്യാവേശക്കാരനായ ഉമർ എന്തുകൊണ്ട് അദ്ദേഹത്തെ വധിച്ചില്ല? അല്ലെങ്കിൽ ഏതെങ്കിലും സ്വഹാബി എന്തുകൊണ്ട് അദ്ദേഹത്തെ വധിച്ചില്ല? എന്നാൽ, ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തെ വധിച്ചില്ലെന്ന് മാത്രമല്ല, തന്റെ ഖിലാഫത്തിന്റെ കാലഘട്ടത്തിലും അദ്ദേഹത്തെ വധിച്ചില്ലെന്ന് മാത്രമല്ല ചിലരുടെ അഭിപ്രായത്തിൽ അദ്ദേഹം ഉമറിന്റെ ഖിലാഫത്തിനു ശേഷവും ജീവിച്ചിരുന്നിട്ടും ഒരു സ്വഹാബിയും അദ്ദേഹത്തിന്റെ മേൽ കൈയുയർത്തിയിട്ടില്ല. എന്തായാലും ഇതിൽനിന്ന് മനസ്സിലാകുന്നത് 'ഖതൽ' എന്നതുകൊണ്ടുള്ള ഉദ്ദേശ്യം ബന്ധം വിച്ഛേദിക്കുക തന്നെയായാണെന്നാണ്. ബാഹ്യമായ നിലയിൽ വധിക്കുക എന്നതായിരുന്നില്ല; അദ്ദേഹം മറ്റു സ്വഹാബിമാരിൽനിന്ന് വേറിട്ടുനിന്നെങ്കിലും. ഹദ്റത്ത് സഅ്ദ്(റ) അവരിൽനിന്ന് വേർപെട്ടു, പക്ഷേ, ആരും അദ്ദേഹത്തിനുമേൽ കൈയുയർത്തിയില്ല.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഉദാഹരണം നല്കിയിരുന്നു. സ്വപ്നത്തിൽ ആരെങ്കിലും വധിക്കപ്പെടുന്നതായി കണ്ടാൽ അതിന്റെ വ്യാഖ്യാനം ബന്ധം വിച്ഛേദിക്കുക അല്ലെങ്കിൽ ഉപരോധം നടത്തുക എന്നുമുണ്ട്. തന്റെ ഒരു ഖുത്ബയെ കുറിച്ച് പറയുകയാണ്. എന്തായാലും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'എന്നോട് ഒരു സുഹൃത്ത് വിവരിക്കുകയുണ്ടായി, ഒരു വ്യക്തി ഈ ഖുത്ബ കഴിഞ്ഞതിനുശേഷം പറഞ്ഞു, ഹദ്റത്ത് സഅ്ദ് ബയ്അത്ത് ചെയ്തിരുന്നില്ലായെങ്കിലും കൂടിയാലോചനകളിൽ അദ്ദേഹത്തേയും നിർബന്ധമായും പങ്കെടുപ്പിച്ചിരുന്നു.' അതായത് ബയ്അത്ത് ചെയ്യാതിരുന്നിട്ടും ഹദ്റത്ത് അബൂബക്കർ(റ) അദ്ദേഹത്തെ കൂടിയാലോചനകളിൽ പങ്കെടുപ്പിച്ചിരുന്നുവത്രെ. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'അദ്ദേഹം സഅ്ദിനെ സംബന്ധിച്ച് പറഞ്ഞ കാര്യം, രണ്ട് അർഥം ഉൾക്കൊള്ളുന്നുണ്ട്. ഒന്നുകിൽ അയാൾ ഞാൻ പറഞ്ഞ അർഥത്തെ ഖണ്ഡിച്ചുകൊണ്ടിരിക്കുന്നു, അതായത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) നിഘണ്ടുവിൽനിന്ന് ഖതലിന് നല്കുന്ന നിർവചനത്തെ നിഷേധിക്കുന്നു. അല്ലെങ്കിൽ അത്തരം ഒരു സംഭവം ഉണ്ടായിട്ടില്ലെന്ന് പറയുന്നു. അതല്ലെങ്കിൽ ഖിലാഫത്തിന് ബയ്അത്ത് ചെയ്യാതിരിക്കൽ വലിയ പാപമൊന്നുമല്ലെന്ന് മനസിലാക്കുന്നു. കാരണം സഅ്ദ് ബയ്അത്ത് ചെയ്തിരുന്നില്ല. എന്നാൽ, കൂടിയാലോചനകളിൽ പങ്കെടുക്കാറുമുണ്ടായിരുന്നു. ഏതോ ഒരു കവി പാടി:

*താ മർദ് സുഖൻ നഃ ഗുഫ്ത്ത ബാശദ്*
*അയ്ബ് വ ഹുൻറശ് നഹുഫ്ത ബാശദ്*

മനുഷ്യന്റെ ന്യൂനതയും കരവിരുതും സംസാരിക്കുന്നതുവരെ മറഞ്ഞിരിക്കുന്നു. മനുഷ്യൻ സംസാരിക്കുന്നതോടെ പലപ്രാവശ്യവും തന്റെ ന്യൂനത വെളിപ്പെടുത്തുന്നു. മൗനമായിരുന്നാൽ ന്യൂനത മറഞ്ഞിരിക്കും. ചില ഘട്ടങ്ങളിൽ വിഢ്ഢിത്തങ്ങൾ വിളിച്ചുകൂവുന്നു. അങ്ങനെ ന്യൂനത വെളിപ്പെടുന്നു. അവിടന്ന് പറയുന്നു: 'ഹദ്റത്ത് സഅ്ദ് കൂടിയാലോചനയിൽ പങ്കെടുക്കാറുണ്ടായിരുന്നുവെന്ന് പറഞ്ഞ് പ്രശംസിച്ചയാൾ അല്ലെങ്കിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഖുത്ബയെ കുറിച്ച് ചർച്ച ചെയ്തയാളുടെ സംസാരവും അർഥമാക്കുന്നത് ഒന്നുകിൽ അയാൾ ഖിലാഫത്തിന് ചെയ്യുന്ന ബയ്അത്തിനെ നിസാരവൽക്കരിക്കാൻ ആഗ്രഹിക്കുന്നു, അല്ലെങ്കിൽ തന്റെ അറിവ് പ്രകടിപ്പിക്കാൻ ആഗ്രഹിക്കുന്നു എന്നതാണ്. പക്ഷേ, ഈ രണ്ടുകാര്യവും തെറ്റാണ്. അറിവ് പ്രകടിപ്പിക്കുന്നതുകൊണ്ട് ഫലമൊന്നും ഉണ്ടാകുകയില്ല. കാരണം ഇക്കാര്യം എത്രമാത്രം തെറ്റാണെന്നാൽ ഓരോ ബുദ്ധിമാനും ഇതുകേട്ട് ചിരിക്കുകയല്ലാതെ മറ്റൊന്നും നിർവാഹമില്ല. സ്വഹാബാക്കളുടെ അവസ്ഥകളെ സംബന്ധിച്ച് ഇസ്‌ലാമിക ചരിത്രത്തിൽ മൂന്ന് ഗ്രന്ഥം വളരെ പ്രസിദ്ധമാണ്. സ്വഹാബാക്കളെ സംബന്ധിച്ചുള്ള എല്ലാ ഗ്രന്ഥങ്ങളും ഈ ഗ്രന്ഥങ്ങളെ വലംവെക്കുന്നവയാണ്. അവ ഇതാണ്, തഹ്ദീബു ത്തഹ്ദീബ്, അസ്വാബ, ഉസുദുൽ ഗാബ. ഈ മൂന്ന് ഗ്രന്ഥത്തിൽ ഓരോന്നിലും എഴുതിയിരിക്കുന്നത്, ഹദ്റത്ത് സഅ്ദ്(റ) മറ്റു സ്വഹാബിമാരിൽനിന്ന് വേറിട്ട് സിറിയയിലേക്കു പോയി അവിടെ വഫാത്തായി എന്നാണ്. ചില നിഘണ്ടു ഗ്രന്ഥങ്ങളും 'ഖതൽ' എന്നതിന്റെ അർഥം ചർച്ചചെയ്തുകൊണ്ട് ഈ സംഭവം വിവരിച്ചിട്ടുണ്ട്. അവിടന്ന് പറയുന്നു: 'സ്വഹാബാക്കളിൽ 60, 70 പേരുടെ പേര് 'സഅ്ദ്' എന്നാണ്. അവരിൽ ഒരാൾ സഅ്ദ് ബിൻ അബി വഖാസ്വാണ്. അദ്ദേഹം അശറ മുബശ്ശിറയിൽപെട്ട ആളായിരുന്നു. ഹദ്റത്ത് ഉമർ(റ) നിശ്ചയിച്ച കമാൻഡർ ഇൻ ചീഫായിരുന്നു. എല്ലാ കൂടിയാലോചനകളിലും പങ്കെടുത്തിരുന്നു. മനസ്സിലാകുന്നത് ആരാണോ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഖുത്ബയിൽ ആക്ഷേപം ഉന്നയിച്ചത് അയാൾ അറിവുകുറവുകൊണ്ട് 'സഅ്ദ്' എന്ന പേരുകേട്ട് ഈ 'സഅ്ദ്' വേറെയാണ് ആ 'സഅ്ദ്' വേറെയാണ് എന്ന് മനസ്സിലാക്കിയില്ല. പൊടുന്നനെ എന്റെ ഖുത്ബ ചർച്ച ചെയ്തു. ഞാൻ സഅ്ദ് ബിൻ അബീ വഖാസിനെ കുറിച്ച് പറഞ്ഞിട്ടില്ല. അദ്ദേഹം മുഹാജിർ ആയിരുന്നു. പ്രത്യുത ഞാനാരെ കുറിച്ചാണോ പറഞ്ഞത് അദ്ദേഹം അൻസ്വാരിയായിരുന്നു. ഇവരിരുവർക്കും പുറമെ വേറേയും സഅ്ദുമാരുണ്ട്. എന്നല്ല 60,70 സഅ്ദുമാരുണ്ട്. ഏതു സഅ്ദിനെക്കുറിച്ചാണോ ഞാൻ പറഞ്ഞത് അദ്ദേഹത്തിന്റെ പേര് സഅ്ദ് ബിൻ ഉബാദ എന്നായിരുന്നു. അറേബ്യക്കാരിൽ പേര് യഥാർഥത്തിൽ വളരെ കുറവായിരുന്നു. പൊതുവെ ഓരോരോ ഗ്രാമത്തിലും ഒരേ പേരിൽ നിരവധി ആളുകളുണ്ടാകുമായിരുന്നു. ആരെയെങ്കിലും വിളിക്കണമെങ്കിൽ അയാളുടെ പിതാവിന്റെ പേരു ചേർത്ത് വിളിക്കുമായിരുന്നു. ഉദാഹരണത്തിന് കേവലം സയീദെന്നോ സഅ്ദെന്നോ വിളിക്കുമായിരുന്നില്ല. പ്രത്യുത സഅ്ദ് ബിൻ ഉബാദയെന്നോ സഅ്ദ് ബിൻ അബീവഖാസെന്നോ വിളിക്കുമായിരുന്നു. ഇനി പിതാവിന്റെ പേരുകൊണ്ടും തിരിച്ചറിയാൻ കഴിയുന്നില്ലെങ്കിൽ അവിടെ അവരുടെ സ്ഥലത്തെ കുറിച്ച് പറയുമായിരുന്നു. ഇനി സ്ഥലംകൊണ്ടും തിരിച്ചറിയാൻ കഴിഞ്ഞില്ലെങ്കിൽ അവരുടെ ഗോത്രത്തെ കുറിച്ച് പറയുമായിരുന്നു. അങ്ങനെ ഒരു സഅ്ദിനെ സംബന്ധിച്ച് ചരിത്രങ്ങളിൽ ധാരാളം ചർച്ചകൾ വന്നിട്ടുണ്ട്. കാരണം അദ്ദേഹത്തിന്റെ പേരു മറ്റു പേരുമായി സാദൃശ്യമുള്ളതായിരുന്നു. അതുകൊണ്ട് ചരിത്രകാരന്മാർ അവരെക്കുറിച്ച് പ്രതിപാദിച്ചുകൊണ്ടെഴുതുന്നു: ഉദാഹരണത്തിന് ഞങ്ങൾ ഉദ്ദേശിച്ചത് ഔസി സഅ്ദിനെയാണ്. അല്ലെങ്കിൽ ഖസ്റജി സഅ്ദിനെയാണ്. ഈ ആക്ഷേപം ഉന്നയിച്ച സാഹിബ് അല്ലെങ്കിൽ അഭിപ്രായം പറഞ്ഞ സാഹിബ് പേരുകളുടെ അഭിപ്രായ ഭിന്നത മനസ്സിലാക്കിയിട്ടില്ലെന്നാണ് തോന്നുന്നത്. അങ്ങനെയങ്ങ് ആക്ഷേപം ഉന്നയിച്ചു. എന്നാൽ, ഇത്തരം കാര്യങ്ങൾ മനുഷ്യന്റെ അറിവിനെ വർധിപ്പിക്കുന്ന ഒന്നല്ല. മറിച്ച് മറഞ്ഞിരിക്കുന്ന അജ്ഞത വെളിപ്പെടുത്തുന്നതാണ്.

പിന്നീട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഖിലാഫത്തിൽനിന്ന് അകന്നു നിൽക്കുന്നത് മനുഷ്യനെ ഒരുതസ്സിനും അർഹനാക്കുകയില്ലെന്നതാണ് വസ്തുത. അവിടന്ന് പറയുന്നു: 'അദ്ദേഹം ഖുത്ബ കൊടുത്തുകൊണ്ടിരുന്ന മസ്ജിദിൽ മസ്ജിദ് അഖ്സ്വയാണെന്നാണ് തോന്നുന്നത് ഞാൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിൽനിന്ന് കേട്ടു. അവിടന്ന് പറഞ്ഞിരുന്നു, നിങ്ങൾക്ക് അറിയുമോ ഖലീഫയുടെ ആദ്യ ശത്രു ആരായിരുന്നു? എന്നിട്ട് സ്വയം ഈ ചോദ്യത്തിന് മറുപടി നല്കിക്കൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) പറയുന്നു: 'വിശുദ്ധ ഖുർആൻ പാരായണം ചെയ്യുക. അദ്ദേഹത്തിന്റെ ശത്രു ഇബ്ലീസ് ആയിരുന്നുവെന്ന് നിങ്ങൾക്കു മനസിലാ


**അല്ലാഹുവിന്റെ കലാം:**

**'നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.'**
**(2:43)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'ഭൗതികശക്തികൾ ഇസ്‌ലാം-അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.'**
**(ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

**ത്വാലിബെ ദുആ:**
**P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.**

കും. അതിനുശേഷം ആദമിനെ അല്ലാഹു ഖലീഫയാക്കി. അപ്പോൾ അദ്ദേഹത്തിന്റെ ശത്രു ഇബ്‌ലീസായിരുന്നു. അതിനുശേഷം അദ്ദേഹം പറയുന്നു, അതായത് ഖലീഫ അവ്വൽ(റ) ഞാനും ഖലീഫയാണ്. എന്റെ ശത്രുവും ഇബ്‌ലീസുമാരാകുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ഖലീഫ ദൈവനിയുക്തനല്ല എന്ന കാര്യത്തിൽ ഒരുവിധ സംശയവുമില്ല. ദൈവനിയുക്തനായിരിക്കണമെന്ന കാര്യത്തിൽ നിർബന്ധവുമില്ല. ഹദ്റത്ത് ആദം ദൈവനിയുക്തനും ഖലീഫയും ആയിരുന്നു. ഹദ്റത്ത് ദാവൂദ് ദൈവനിയുക്തനും ഖലീഫയുമായിരുന്നു. ഇപ്രകാരം ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം ദൈവനിയുക്തനും ഖലീഫയും ആയിരുന്നു. പിന്നെ എല്ലാ നബിമാരും ദൈവനിയുക്തന്മാരുമാണ്, അല്ലാഹു നിയോഗിച്ചിട്ടുള്ള ഖലീഫമാരുമാണ്. എപ്രകാരമെന്നാൽ ഓരോമനുഷ്യനും ഒരു വിധത്തിൽ ഖലീഫയാകുന്നു. അതുപ്രകാരം നബിമാരും ഖലീഫമാരാണ്. എന്നാൽ, ഒരുതരത്തിലുള്ള ഖലീഫമാരുണ്ട്, അവർ ഒരിക്കലും ദൈവനിയുക്തരായിരിക്കുകയില്ല. എന്നാൽ, അനുസരണത്തിന്റെ അടിസ്ഥാനത്തിൽ അവരും പ്രവാചകന്മാരും തമ്മിൽ ഒരുവിധ വ്യത്യാസവും ഉണ്ടായിരിക്കില്ലതാനും. പ്രവാചകന്മാരെ അനുസരിക്കുന്നതു നിർബന്ധമായിരിക്കുന്നതുപോലെ അവരെ അനുസരിക്കലും നിർബന്ധമാണ്. അതേ, ഈ രണ്ട് അനുസരണത്തിലും ഒരു വിവേചനവും വ്യത്യാസവും ഉണ്ടായിരിക്കും. അത് ഇതാണ്, നബിയോടുള്ള അനുസരണം, അദ്ദേഹം ദൈവിക വെളിപാടിന്റെയും പരിശുദ്ധതയുടെയും കേന്ദ്രമായതിനാലാണ് അനുവർത്തിക്കപ്പെടുന്നത്. എന്നാൽ, ഖലീഫയോടുള്ള അനുസരണം പുലർത്തുന്നത്, അദ്ദേഹം ദൈവിക വെളിപാടിനെ നടപ്പാക്കുകയും എല്ലാ സംവിധാനങ്ങളുടെ കേന്ദ്രവുമായതിനാലാണ്. അതായത് ഏതൊരു വെളിപാടാണ് നബിയിൽ അവതരിക്കുന്നത് അതിനെ നടപ്പാക്കുന്നതും നബി സ്ഥാപിക്കുന്ന സംവിധാനത്തെ മുന്നോട്ടു കൊണ്ടുപോകുന്നതുമായ കേന്ദ്രമാണ് ഖലീഫ. അതിനാൽ വിവരവും വിവേകവുമുള്ള ആളുകൾ പറയുന്നു, പ്രവചകന്മാർക്ക് അസ്‌മത്തെ കുബ്റായും ഖലീഫാമാർക്ക് അസ്‌മത്തെ സ്വുഗ്റായും ലഭിച്ചിരിക്കുന്നുവെന്ന്. ഇതേ മസ്ജിദിൽ (ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഖുത്‌ബ കൊടുത്തുകൊണ്ടിരിക്കുന്ന ഖാദിയാനിലെ മസ്ജിദിൽ) ഇതേ മിമ്പറിൽ ജുമുഅ ദിവസംതന്നെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിൽ (റ) നിന്ന് ഞാൻ കേട്ടു: എന്റെ വ്യക്തിത്വത്തിലുള്ള കുറവ് എടുത്തു കാട്ടി, അല്ലാഹു നിങ്ങളെ ഏൽപ്പിച്ചിരിക്കുന്ന എന്നോടുള്ള അനുസരണത്തിൽനിന്നു നിങ്ങൾക്ക് പുറത്തു പോകാൻ സാധിക്കുകയില്ല. എന്റെ എന്തെങ്കിലും വ്യക്തിപരമായ ജോലിയാണെങ്കിൽ അതിൽ എന്തെങ്കിലും ന്യൂനത എടുത്താൽ അതിന്റെ അർഥം നിങ്ങൾ അനുസരണവൃത്തത്തിൽനിന്ന് പുറത്തുപോയി എന്നല്ല. അങ്ങനെ ഒരിക്കലുമുണ്ടാകുകയില്ല. അത് അല്ലാഹു നിങ്ങളിൽ നടപ്പിൽ വരുത്തിയതാണ്. അല്ലാഹു നിങ്ങളിൽ നടപ്പിൽ വരുത്തിയിട്ടുള്ള അനുസരണത്തിൽനിന്ന് നിങ്ങൾക്ക് വെളിയിൽപോകാൻ കഴിയില്ല. എന്തുകൊണ്ടെന്നാൽ ഏതൊരു ജോലി ചെയ്യാനാണോ ഞാൻ എഴുന്നേറ്റു നില്ക്കുന്നത്, അതു മറ്റൊന്നാണ്. അതു വ്യവസ്ഥിതിയുടെ ഐക്യമാണ്. അതുകൊണ്ട് എന്നെ അനുസരിക്കേണ്ടത് നിർബന്ധവും അനിവാര്യവുമാണ്.' നബിമാരെ സംബന്ധിച്ച് ദൈവനടപടി ഇതാണ്, മാനുഷികമായ ദൗബല്യങ്ങൾ, അതിൽ തൗഹീദും രിസാലത്തും തമ്മിൽ വ്യത്യാസം പ്രകടിപ്പിക്കുന്നതിനുവേണ്ടിയല്ലാതെ അല്ലാഹു കൈകടത്തുകയില്ല. അത് സമുദായത്തിന്റെ തർബിയ്യത്തിന് നിർബന്ധവുമാണ്. ഉദാഹരണത്തിന് സജ്ദ സഹ്‌വ്(മറന്നതിനുള്ള സുജൂദ്). അത് മറന്നതിന്റെ ഫലമായിട്ട് ചെയ്യുന്നതാണ്. എന്നാൽ, അതുകൊണ്ടുള്ള ഒരു ഉദ്ദേശ്യം മറന്നുപോയാൽ എന്തുചെയ്യണം എന്ന പാഠം നല്കലാണ്. അത്തരം തെറ്റ് നബിമാർക്കും സംഭവിക്കാം. നബി(സ)തിരുമേനിക്കും അതു സംഭവിച്ചു. അവിടന്ന് പിന്നീട് സജ്ദ സഹ്‌വും നിറവേറ്റി. പറയുന്നു: 'പ്രവാചകന്മാരുടെ മുഴുവൻ കർമങ്ങളും അല്ലാഹുവിന്റെ സംരക്ഷണത്തിലാകുന്നു. അവിടെ ഖലീഫമാരെ സംബന്ധിച്ച് അല്ലാഹുവിന്റെ സുന്നത്ത് ഇതാണ്, നബിമാരുടെ എല്ലാ കർമങ്ങളും അല്ലാഹുവിന്റെ സംരക്ഷണത്തിലായി, പക്ഷേ, ഖലീഫമാരെ സംബന്ധിച്ച് അല്ലാഹുവിന്റെ സുന്നത്ത് എന്താണെന്നാൽ, ജമാഅത്തിന്റെ വ്യവസ്ഥിതിയുടെ അഭിവൃദ്ധിക്കുവേണ്ടി അവരിൽനിന്നുണ്ടാകുന്ന എല്ലാ കർമങ്ങളും അല്ലാഹുവിന്റെ സംരക്ഷണത്തിലായിരിക്കും. ഒരിക്കലും അവരിൽനിന്ന് ജമാഅത്തിന് മോശമായി ഭവിക്കുന്നതോ ഇസ്‌ലാമിന്റെ വിജയത്തെ പരാജയമാക്കി മാറ്റുന്നതോ ആയ കർമങ്ങൾ ഉണ്ടാകുകയോ അതിൽ അവർ നിലനിൽക്കുകയോ ചെയ്യുകയില്ല. വ്യവസ്ഥിതിയുടെ കെട്ടുറപ്പിനുവേണ്ടി അവർ എന്തുജോലി ചെയ്താലും അതായത് കാലത്തിന്റെ ഖലീഫ വ്യവസ്ഥിതിയുടെ കെട്ടുറപ്പിനും ഇസ്‌ലാമിന്റെ അഭിവൃദ്ധിക്കുംവേണ്ടി എന്തുജോലി ചെയ്താലും അല്ലാഹുവിന്റെ സംരക്ഷണം അതിനോടൊപ്പമുണ്ടായിരിക്കും. ഇനി അവർ തെറ്റ് ചെയ്താൽതന്നെയും അല്ലാഹു അവരുടെ പരിഷ്കരണത്തിന് സ്വയം ഉത്തരവാദിയായിരിക്കും. അതായത് വ്യവസ്ഥിതിയെ സംബന്ധിച്ച ഖലീഫമാരുടെ കർമങ്ങൾക്ക് ഖലീഫമാർ അല്ല പ്രത്യുത അല്ലാഹുവാകുന്നു. അതുകൊണ്ടാണ് ഖലീഫമാരെ അല്ലാഹു സ്വയം സ്ഥാപിക്കുന്നുവെന്ന് പറയുന്നത്. ഇതിന്റെ അർഥം അവർക്ക് തെറ്റുചെയ്യാൻ കഴിയുകയില്ലെന്നല്ല. അതായത് ഖലീഫമാർക്ക് തെറ്റു ചെയ്യാൻ സാധിക്കുകയില്ലെന്നല്ല. പ്രത്യുത അതിന്റെ ഉദ്ദേശ്യം ഒന്നുകിൽ അവരുടെ നാവുകൊണ്ടോ കർമം കൊണ്ടോ അല്ലാഹു ആ തെറ്റ് തിരുത്തിപ്പിക്കുന്നതായിരിക്കും. അവരുടെ നാവുകൊണ്ടോ കർമംകൊണ്ടോ അല്ലാഹു ആ തെറ്റ് തിരുത്തിപ്പിക്കുന്നില്ലെങ്കിൽ ആ തെറ്റിന്റെ ദുഷ്ഫലങ്ങൾ മാറ്റുന്നതായിരിക്കും. അത് അതിന്റെ ഫലം മോശമായി പുറത്തു വരികയില്ല.

പറഞ്ഞു: 'ഇനി അല്ലാഹുവിന്റെ ഹിക്മത്ത് അഥവാ യുക്തിജ്ഞാനം ആഗ്രഹിക്കുകയാണെങ്കിൽ, ഖലീഫമാർ മുസ്‌ലിമീങ്ങൾക്ക് ദ്രോഹമുണ്ടാക്കുന്നതും അക്കാരണത്താൽ ബാഹ്യമായി ജമാഅത്തിനെസംബന്ധിച്ച് അപകടമുണ്ടാകുകയും അഭിവൃദ്ധിക്കുപകരം അധഃപതനത്തിലേക്ക് പോകുകയും ചെയ്താൽ ഖലീഫയുടെ മനസ്സിൽ മറപ്പിച്ചുവെക്കപ്പെട്ടിരുന്ന ആ രഹസ്യമായ യുക്തിജ്ഞാനവും പൂർത്തിയാകുന്നതായിരിക്കും. അതായത് എന്തോ മറന്നുപോയി, അല്ലെങ്കിൽ അശ്രദ്ധ ഉണ്ടായി, അങ്ങനെ വരുമ്പോൾ ആ യുക്തിജ്ഞാനം പൂർത്തിയാകുന്നതായിരിക്കും. എന്നാൽ, പ്രവാചകന്മാർക്ക് ഈ രണ്ട് അവസ്ഥകളും ലഭിക്കുന്നു. അതായത്ത് അസ്‌മത്തെ കുബ്റായും, അസ്‌മത്തെ സ്വുഗ്റായും. അവർ നിയമനിർമാണത്തിന്റെയും വ്യവസ്ഥിതിയുടേയും കേന്ദ്രമാകുന്നു. അതുപോലെതന്നെ വെളിപാടിന്റെയും പവിത്രതയുടെയും കേന്ദ്രമാകുന്നു. എന്നാൽ, ഇതിന്റെ അർഥം എല്ലാ ഖലീഫാമാരേയും സംബന്ധിച്ച് അവർ പരിശുദ്ധമായ കർമങ്ങളുടെ കേന്ദ്രമാകണമെന്ന് നിർബന്ധമാണെന്നല്ല. ഒരുപക്ഷേ, പരിശുദ്ധ കർമങ്ങളുമായി ബന്ധം വെക്കുന്ന ചില പ്രവൃത്തികൾ, മറ്റ് ഔലിയാക്കളിൽനിന്ന് ചിലർക്ക് കുറവായിരിക്കാനും സാധ്യതയുണ്ട്. പക്ഷേ, സംഘടനാപരമായ കഴിവിന്റേയും സംഘടനാപരമായ കഴിവുകളുടെ അടിസ്ഥാനത്തിലും മറ്റുള്ളവരെക്കാൾ ഉയർന്നവരുമാകാം. എന്നിരുന്നാലും എല്ലാ വ്യക്തികൾക്കും അദ്ദേഹത്തെ അനുസരിക്കേണ്ടത് നിർബന്ധമായിരിക്കും. കാരണം വ്യവസ്ഥിതിക്ക് ഒരു പരിധിവരെ ജമാഅത്തുപരമായ രാഷ്ട്രീയവുമായി ബന്ധമുണ്ടാകുന്നു.

ഇപ്പോൾ ജമാഅത്തുപരമായ രാഷ്ട്രീയം എന്ന് കേട്ട് ആളുകൾ അത്ഭുതപ്പെടുന്നുണ്ടാവും. ഈ ജമാഅത്തുപരമായ രാഷ്ട്രീയം എന്നാലെന്താണെന്ന് ചിലർ വിചാരിക്കുന്നുണ്ടാകും. ഇവിടെ 'സിയാസത്ത്' എന്ന പദം കൊണ്ടുദ്ദേശിക്കുന്നത് പൊതുവായ നിലയിൽ നമ്മുടെ ഭാഷയിൽ എന്താണ്? നമ്മുടെ ഇവിടെ സാധാരണ നിലയിൽ അതിന്റെ അർഥം എടുക്കപ്പെടുന്നത് നെഗറ്റീവായ നിലയിലാണ്. നെഗറ്റീവായ നിലയിലാണ് ഉപയോഗിക്കപ്പെടുന്നതും. കുറച്ചു രാഷ്ട്രീയക്കാർ ഈ പദത്തിന് ദുഷ്പേരുണ്ടാക്കിയിരിക്കുന്നു; പൊട്ടിച്ചുതകർക്കുക, നഷ്ടം വരുത്തുക, അല്ലെങ്കിൽ ശരിയായ നിലയിൽ ജോലി ചെയ്യാതിരിക്കുക. പക്ഷേ, യഥാർഥത്തിൽ സിയാസത്ത് അഥവാ രാഷ്ട്രീയത്തിന് നിഘണ്ടുവിൽ കൊടുത്തിരിക്കുന്ന അർഥം വ്യവസ്ഥിതികൾ നടപ്പിൽ വരുത്തുന്നതിനുള്ള മാർഗം എന്നാണ്. ശരിയായ നിലയിൽ വ്യവസ്ഥിതികൾ നടപ്പിൽ വരുത്തുക. അതിനാണ് സിയാസത്ത് അഥവാ രാഷ്ട്രീയം എന്നു പറയുന്നത്. പിന്നീട് യുക്തിപൂർവം പ്രവൃത്തിക്കുക. ഇതാണ് അതിന്റെ ഉദ്ദേശ്യം. തിന്മകൾ തടയുന്നതിനുവേണ്ടി വ്യവസ്ഥിതികൾ സ്ഥാപിക്കുക. ഇതാണ് അതിന്റെ ഉദ്ദേശ്യം. ബുദ്ധിയോടും യുക്തിയോടുംകൂടി ജോലി നടപ്പിലാക്കുക. അന്താരാഷ്ട്ര കാര്യങ്ങളെ ശരിയായ നിലയിൽ നിറവേറ്റുന്നതിന് കഴിവു

## ഹദീഥുന്നബ്‌വി (സ):

***ആഇശ(റ)പറയുന്നു:'നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടിരുന്നു.'***
***(ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 3)***

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.'**
**(ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 1)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

ണ്ടാകുക. ഇതാണ് യഥാർഥ രാഷ്ട്രീയം. അതായത് പോസിറ്റീവായ എല്ലാ കാര്യങ്ങളും ഈ പദത്തിന്റെ ഉദ്ദേശ്യമാണ്. പക്ഷേ, ഞാൻ പറഞ്ഞതുപോലെ ദൗർഭാഗ്യവശാൽ നമ്മൾ യഥാർഥ അർഥത്തെ മറന്നുകൊണ്ട് രാഷ്ട്രീയക്കാരുടെ പ്രവൃത്തികൾ കാരണത്താലും നമ്മുടെതന്നെ പ്രവൃത്തികൾ കാരണത്താലും നെഗറ്റീവായ ഉദ്ദേശ്യമാണെടുക്കുന്നത്.

എന്തായാലും ഇവിടെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) സിയാസത്ത് അഥവാ രാഷ്ട്രീയം എന്ന പദം ഉപയോഗിച്ചിട്ടുള്ളത് പോസിറ്റീവായ നിലയിലാണ്. അക്കാര്യങ്ങളെല്ലാമാണ് ഞാൻ വിവരിച്ചത്. വ്യവസ്ഥിതികൾ നടപ്പിലാക്കുന്നതിന് ബുദ്ധിയും യുക്തിയും വിവേകവും കഴിവുകളും ഉണ്ടാകേണ്ടതാണ്. ഇതാണ് അതിന്റെ ഉദ്ദേശ്യം.

പറയുന്നു: 'അതുകൊണ്ട് വ്യവസ്ഥിതിയ്ക്ക് ഒരു പരിധിവരെ ജമാഅത്തുപരമായ രാഷ്ട്രീയവുമായി ബന്ധമുണ്ട്. അതുകൊണ്ട് ഖലീഫമാരെ സംബന്ധിച്ച് ഉയർന്ന വശം കാണപ്പെടുന്നത് അവർ വ്യവസ്ഥാപരമായ വശത്തെ ഉത്തമമായി വെക്കുന്നവരായിരിക്കണമെന്നാണ്. വ്യവസ്ഥിതിപരമായ വശത്തെ ഏറ്റവും മുകളിൽ വെക്കുന്നവരാകണം. അതായത് ഇവിടെ അവിടന്ന്(റ) ഇക്കാര്യവും വ്യക്തമാക്കി. അതായത് അതിനോടൊപ്പം ദീനിന്റെ പ്രബലതയ്ക്കും അതിന്റെ ഉദ്ദേശ്യം സ്ഥാപിക്കുന്നതും മുന്നിൽ വെക്കുന്നവരുമായിരിക്കേണ്ടതും അനിവാര്യമാണ്. ജമാഅത്തിന്റെ വ്യവസ്ഥിതി നടപ്പിൽ വരുത്തേണ്ടതും കാലത്തിന്റെ ഖലീഫയുടെ നിർബന്ധ കടമയാണ്. അതോടൊപ്പം അവർക്ക് ദീനിന്റെ പ്രബലതയും അതിന്റെ ഉദ്ദേശ്യത്തിന്റെ സ്ഥാപനവും മുന്നിൽ വെക്കേണ്ടതും നിർബന്ധമാണ്. അതിനാലാണ് അല്ലാഹു വിശുദ്ധ ഖുർആനിൽ ഖിലാഫത്തിനെ കുറിച്ച് പറഞ്ഞ സ്ഥലത്ത് *വലയുമക്കിനന്ന ലഹും ദീനഹുമുല്ലദിർത്തളാലഹും* എന്നുംകൂടി പറഞ്ഞത്. അല്ലാഹു അവരുടെ ദീനിനെ ശക്തി പെടുത്തുന്നതായിരിക്കും. അതിനെ ലോകത്ത് വിജയിപ്പിക്കുന്നതായിരിക്കും.

അതുകൊണ്ട് ഏതൊരു ദീനാണോ ഖലീഫമാർ സമർപിക്കുന്നത്, അത് അല്ലാഹുവിന്റെ സംരക്ഷണത്തിലായിരിക്കും. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ഭാഗികമായ കാര്യങ്ങളിൽ അവർ തെറ്റു ചെയ്യാനിടയുണ്ട്. ഖലീഫമാർക്ക് പരസ്പരം അഭിപ്രായ വ്യത്യാസവുമുണ്ടാകാം. എന്നാൽ, അവ അങ്ങേയറ്റം ചെറിയ കാര്യങ്ങളിലായിരിക്കും. നിസാര കാര്യങ്ങളിലായിരിക്കും. ഏതുപോലെയെന്നാൽ ചില പ്രശ്നങ്ങളെ സംബന്ധിച്ച് ഹദ്റത്ത് അബൂബക്കർ(റ) ഉം ഹദ്റത്ത് ഉമർ(റ)ഉം തമ്മിൽ അഭിപ്രായവ്യത്യാസങ്ങൾ നിലനിന്നു. എന്നല്ല ഇന്നും മുഹമ്മദീ ഉമ്മത്തിൽ ആ പ്രശ്നങ്ങളെ സംബന്ധിച്ച് ഒരൊറ്റ അഭിപ്രായം സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ, ഈ അഭിപ്രായ ഭിന്നത ഭാഗികമായ കാര്യങ്ങളിൽ മാത്രമാണ്. അടിസ്ഥാനകാര്യങ്ങളിൽ ഒരിക്കലും അഭിപ്രായഭിന്നത ഉണ്ടാകുകയില്ല. എന്നല്ല അതിനു വിപരീതമായി അവയിലും ഏകോപനം ഉണ്ടായിരിക്കും. അതായത് ആ ഖലീഫമാർ ലോകത്തിന് സന്മാർഗം കാണിക്കുന്നവരും മാർഗദർശികളും അതിന് വെളിച്ചം എത്തിക്കുന്നവരുമായിരിക്കും. അതുകൊണ്ട് ഏതെങ്കിലും ഒരു വ്യക്തി ബയ്അത്ത് ചെയ്യാതെ ബയ്അത്ത് ചെയ്തവരുടെ സ്ഥാനത്ത് ഇരിക്കുമെന്ന് പറയുക എന്നത് യഥാർഥത്തിൽ ഇത് പ്രകടിപ്പിക്കുന്നത് അയാൾ ബയ്അത്തും വ്യവസ്ഥിതിയും എന്തു വസ്തുവാണെന്ന് മനസിലാക്കിയിട്ടില്ല എന്നാണ്.

കൂടിയാലോചനയെ സംബന്ധിച്ചും ഇത് ഓർക്കേണ്ടതാണ്, ഒരു വിദഗ്ദനിൽ നിന്നോ പരിചയ സമ്പന്നനിൽ നിന്നോ അഭിപ്രായം തേടാവുന്നതാണ്. അത് അന്യമതസ്ഥനായാലും ശരി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു കേസ് ഒരു ഇംഗ്ലീഷുകാരനായ വക്കീൽ വാദിക്കുകയുണ്ടായി. എന്നാൽ, അതിനർഥം അവിടന്ന് നുബുവ്വത്തിന്റെ കാര്യങ്ങളിൽ അയാളിൽനിന്ന് അഭിപ്രായം തേടിയെന്നല്ല. അഹ്സാബ് യുദ്ധം നടന്നു. ആ നേരത്ത് നബി(സ)തിരുമേനി സൽമാനുൽ ഫാരിസി(റ)യുമായി കൂടിയാലോചിച്ചു. ചോദിച്ചു, നിങ്ങളുടെ രാജ്യത്ത് യുദ്ധത്തിന്റെ അവസരങ്ങളിൽ എന്തന്തൊക്കെയാണ് ചെയ്യാറുള്ളത്? അദ്ദേഹം പറഞ്ഞു:ഞങ്ങളുടെ നാട്ടിൽ കിടങ്ങ് കുഴിക്കാറുണ്ട്. ഇത് നല്ല പദ്ധതിയാണെന്ന് നബി(സ)തിരുമേനി പറഞ്ഞു. അങ്ങനെ കിടങ്ങ് കുഴിക്കപ്പെട്ടു. അതുകൊണ്ടാണ് അതിന് ഖൻദഖ് യുദ്ധം എന്നു പറയുന്നത്. എന്നാൽ, ഇങ്ങനെയാണെങ്കിലും സൽമാനുൽഫാരിസി യുദ്ധതന്ത്രങ്ങളിൽ നബി(സ)തിരുമേനിയെക്കാൾ വിദഗ്ധനായിരുന്നുവെന്ന് നമുക്ക് പറയാൻ പറ്റുകയില്ല. നബി(സ)തിരുമേനിക്കുണ്ടായിരുന്ന ആ യുദ്ധപാടവം അദ്ദേഹത്തിന് ഏവിടന്ന് ഉണ്ടാകാനാണ്. അല്ലെങ്കിൽ നബി(സ)തിരുമേനി ചെയ്തിട്ടുള്ള പ്രവൃത്തികൾ സൽമാനുൽ ഫാരിസിയ്ക്ക് എവിടെന്നാണ് ചെയ്യാൻ കഴിയുക. എന്നല്ല ഖലീഫമാരുടെ കാലഘട്ടത്തിലും അദ്ദേഹത്തെ അതായത് സൽമാനുൽ ഫാരിസിയെ ഏതെങ്കിലും സൈന്യത്തിന്റെ കമാൻഡർ ഇൻ ചീഫ് ആക്കിയിട്ടില്ല. വാസ്തവത്തിൽ അദ്ദേഹം ദീർഘായുസ്സ് പ്രാപിച്ചിരുന്നു. അതിനാൽ അന്യമതത്തിൽപ്പെട്ട ഒരു എക്സ്പേർട്ടാണെങ്കിലും അയാളുമായി കൂടിയാലോചിക്കാവുന്നതാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തന്റെ അവസ്ഥ വിവരിക്കുന്നു: 'ഞാൻ രോഗിയാകുമ്പോൾ ഇംഗ്ലീഷ് ഡോക്ടർമാരിൽനിന്ന് അഭിപ്രായം തേടാറുണ്ട്. എന്നാൽ, അതിനർഥം ഖിലാഫത്തിന്റെ കാര്യത്തിലും അയാളിൽനിന്ന് അഭിപ്രായം തേടുന്നു എന്നല്ല. അല്ലെങ്കിൽ അഭിപ്രായം തേടിക്കൊണ്ടിരിക്കുന്നുവെന്നല്ല. അല്ലെങ്കിൽ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിമാരുടെ സ്ഥാനത്ത് അയാളെ മനസ്സിലാക്കുന്നുവെന്നല്ല. സ്വഹാബിമാരിൽനിന്ന് അഭിപ്രായം തേടുന്നതിന്റെ ഉദ്ദേശ്യം അന്യരിൽനിന്നും അഭിപ്രായം തേടുന്നതും സ്വഹാബത്തിൽനിന്ന് അഭിപ്രായം തേടുന്നതും ഒരേ കാര്യമാണെന്നതല്ല. സ്വഹാബത്തിന്റെ സ്ഥാനം എന്തായാലും ഉയർന്നതാണ്. പറഞ്ഞു: ഇതിന്റെ ഉദ്ദേശ്യം ഇത്രമാത്രമാണ്, ഞാൻ വൈദ്യത്തിൽ അഭിപ്രായം ആരാഞ്ഞുവെന്നാണ്. ഇതൊരു പ്രത്യേക ഫീൽഡിൽനിന്നും പ്രത്യേക വകുപ്പിൽനിന്നും അഭിപ്രായം ആരാഞ്ഞുവെന്നാണ്. ഒരു പ്രത്യേക കാര്യത്തിനുവേണ്ടി കൂടിയാലോചിച്ചു. ഇനി സഅ്ദ് ബിൻ ഉബാദയിൽ നിന്ന് വല്ല ഭൗതിക കാര്യങ്ങളിലും വിദഗ്ദ്ധനായതിനാൽ അഭിപ്രായം തേടിയിരുന്നുവെന്നു സ്ഥാപിതമായാൽതന്നെയും അദ്ദേഹം എല്ലാ കൂടിക്കാഴ്ചയിലും പങ്കെടുത്തുവെന്ന് പറയാനും സാധിക്കില്ല. അതുപോലെ ഇതിനെ സംബന്ധിച്ച് സ്വഹീഹായ ഒരുവിധ നിവേദനവും അദ്ദേഹം കൂടിക്കാഴ്ചകളിൽ പങ്കെടുത്തിരുന്നുവെന്നു വിവരിക്കുന്നതും ലഭിക്കുന്നില്ല. മറിച്ച് മൊത്തമായ നിലയിൽ കിട്ടുന്ന നിവേദനങ്ങളിൽ വിവരിക്കപ്പെട്ടിരിക്കുന്നത് അദ്ദേഹം മദീനയെ ഉപേക്ഷിച്ചു സിറിയയിലേക്ക് പാലായനം ചെയ്തുവെന്നാണ്. അദ്ദേഹം ഇസ്‌ലാമിക കേന്ദ്രത്തിൽനിന്ന് ബന്ധം വിച്ഛേദിച്ചുകഴിഞ്ഞുവെന്നതാണ് സ്വഹാബത്തിലുണ്ടാക്കിയ സ്വാധീനം. അതുകൊണ്ട് അദ്ദേഹത്തിന്റെ വഫാത്തിനെ സംബന്ധിച്ച് സ്വഹാബിമാർ പറയുന്നത്, അദ്ദേഹത്തെ മലക്കുകളോ ജിന്നുകളോ വധിച്ചിരിക്കുന്നുവെന്നാണ്. ഇതിൽനിന്ന് മനസ്സിലാകുന്നത് സ്വഹാബത്തിന്റെ നോട്ടത്തിൽ അദ്ദേഹത്തിന്റെ മരണവും നല്ലരീതിയിൽ മനസ്സിലാക്കപ്പെട്ടില്ല എന്നാണ്. എല്ലാവരേയും മലക്കുകൾതന്നെയാണല്ലോ മരിപ്പിക്കുന്നത്. എന്നാൽ, അദ്ദേഹം മരിച്ചപ്പോൾ 'അദ്ദേഹത്തെ മലക്കുകളോ ജിന്നുകളോ വധിച്ചിരിക്കുന്നുവെന്ന്' പ്രത്യേകമായ നിലയിൽ പറയുക എന്നത് അവരുടെ പക്കൽ അദ്ദേഹത്തിന്റെ വഫാത്ത് അല്ലാഹു തന്റെ പ്രത്യേകമായ കർമത്തിലൂടെ അദ്ദേഹത്തിന് ഭാഗ്യദോഷം ഉണ്ടാകാത്തവിധം നടത്തിയെന്നാണ്. കാരണം അദ്ദേഹം ബദ്‌രി സ്വഹാബിമാരിൽപ്പെട്ട ആളായിരുന്നു. അപ്പോൾ ഒരു തരത്തിലുള്ള കാപട്യമോ, മറ്റെന്തെങ്കിലും എതിർപോ, മറ്റെന്തെങ്കിലും കാര്യമോ അദ്ദേഹത്തിന്റെ സ്ഥാനം ഇകഴ്ത്തപ്പെടുംവിധം ആകാൻ പാടില്ല. പക്ഷേ എന്തുതന്നെയായലും അദ്ദേഹം എല്ലാവരെയും ഉപേക്ഷിച്ചു പോകുകയാണുണ്ടായത്.

ഇക്കാര്യം വിവരിച്ചതിനുശേഷം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഈ നിവേദനങ്ങൾ പറയുന്നത്, അദ്ദേഹത്തിന്റെ സ്ഥാനത്തിനനുസരിച്ചുള്ള ആ ആദരവ് സ്വഹാബാക്കളിൽ അവസാനം ഉണ്ടായിരുന്നില്ല എന്നാണ്. സ്വഹാബാക്കൾ ഇദ്ദേഹത്തിൽ സംതൃപ്തരായിരുന്നില്ല. അല്ലെങ്കിൽ അദ്ദേഹത്തെ മലക്കുകളോ ജിന്നുകളോ വധിച്ചുവെന്നു അവർ പറയേണ്ട ആവശ്യമെന്താണ്. എന്നല്ല ഇതിനെക്കാൾ വളരെ കഠിനമായ പദങ്ങൾ അദ്ദേഹം മരിച്ചപ്പോൾ പറയപ്പെട്ടു. അത് ഞാൻ എന്റെ നാവുകൊണ്ട് പറയാൻ ആഗ്രഹിക്കുന്നില്ല. അതിനാൽ ഖിലാഫത്തിനോട് ബയ്അത്ത് ചെയ്യാത്ത മനുഷ്യൻ ഇസ്‌ലാമിക വ്യവസ്ഥിതിയിൽ തന്റെ സ്ഥാനം നിലനിറുത്തി പോരാമെന്ന ചിന്താഗതി, സംഭവങ്ങൾക്കും ഇസ്‌ലാമിക അധ്യാപനങ്ങൾക്കും തികച്ചും വിരുദ്ധമാണ്. ഇവ്വിധ ചിന്താഗതികൾ മനസ്സിൽ കുടിയിരുത്തുന്ന വ്യക്തി, ബയ്അത്തിന്റെ യാഥാർഥ്യം ഒട്ടും മനസ്സിലാക്കിയിട്ടില്ലെന്നു ഞാൻ കരുതുന്നു.(ഖുത്വ്ബാത്തെ മഹ്മൂദ് വാള്യം 16, പേജ് 95–101, ഖുത്വ്ബ ജുമുഅ 8–2–1935)

ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയുടെ വഫാത്ത്, സിറിയയിലെ ഹൗറാനിലാണ് ഉണ്ടായത്. അത് ഹദ്റത്ത് ഉമറിനെ ഖലീഫയായി തിരഞ്ഞെടുത്ത് രണ്ടര വർഷത്തിനുശേഷമായിരുന്നു. അല്ലാമ ഇബ്നു ഹജർ അസ്ഖലാനിയുടെ അഭിപ്രായത്തിൽ അദ്ദേഹം വഫാത്തായത് സിറിയയിലെ നഗരമായ ബുസ്റായിലായിരുന്നു. മുസ്‌ലിമീങ്ങൾ കീഴടക്കിയ സിറിയയിലെ ആദ്യത്തെ നഗരമായിരുന്നു ഇത്. അദ്ദേഹത്തിന്റെ മരണം മദീനയിൽ അറിഞ്ഞിരുന്നില്ല. പിന്നെങ്ങനെയാണ് അറിഞ്ഞത്? നിവേദനത്തിൽ ഇങ്ങനെ വരുന്നു, മന്നിബ്ഹയാ ബിഅ്രെ സക്കൻ എന്നൊരു കിണറുണ്ടായിരുന്നു. ഉച്ചയ്ക്ക് കഠിനമായ ചൂടിൽ അതിൽ ചാടുന്ന കുട്ടികളിൽ ഒരാൾ കിണറിൽനിന്ന് ആരോ ഇങ്ങനെ പറയുന്നത് കേട്ടു:

*ഖദ് ഖത്തൽനാ സയ്യിദൽ ഖസ്റജി സഅ്ദബ്ന ഉബാദഃ*
*വ റമയ്നാഹു ബിസഹ്മയ്നി ഫലം നു ഖ്ത്വി ഫുവ്വാദഃ*

'ഞങ്ങൾ ഖസ്റജിന്റെ സർദാർ സഅ്ദ് ബിൻ ഉബാദയെ വധിച്ചു. ഞങ്ങൾ അദ്ദേഹത്തിലേക്ക് രണ്ട് അമ്പെയ്തു. ഞങ്ങൾ അദ്ദേഹത്തിന്റെ ഹൃദയത്തെ ലക്ഷ്യമാക്കി അയച്ച അമ്പ് പാഴായിപ്പോയില്ല.' ആൺകുട്ടികൾ ഭയന്നു. ആളുകൾ ആ ദിവസം ഓർമവെച്ചു. സഅ്ദിന്റെ വഫാത്ത് സംഭവിച്ച ദിവസമായിരുന്നു അത്. സഅ്ദ്

ഇരുന്നു മൂത്രമൊഴിക്കുകയായിരുന്നു. അപ്പോഴാണ് അദ്ദേഹത്തെ വധിച്ചത്. അദ്ദേഹം ആ നേരംതന്നെ വഫാത്തായി. ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയുടെ വഫാത്ത് ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലത്താണ് നടന്നത്. അദ്ദേഹത്തിന്റെ വഫാത്ത് വർഷത്തെ സംബന്ധിച്ച് അഭിപ്രായ ഭിന്നതയുണ്ട്. ചില നിവേദനങ്ങൾ അനുസരിച്ച് ഹിജ്റ 14ലാണ് നടന്നത്. ചിലർ പറയുന്നത് 15ലാണെന്നാണ്. മറ്റു ചിലർ പറയുന്നത് ഹിജ്റ 16ലാണെന്നാണ്. ഹദ്റത്ത് സഅ്ദിന്റെ ഖബ്ർ ഡമാസ്ക്കസിന്റെ സമീപത്തുള്ള താഴോര പ്രദേശത്തെ ഒരു ഗ്രാമമായ മനീഹയിലാണ് സ്ഥിതി ചെയ്യുന്നത്.(അത്ത്വബഖാത്തിൽ കുബ്റാ ലിഇബ്നി സഅ്ദ് വാല്യം 3, പേജ് 463, സഅ്ദ് ബിൻ ഉബാദ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്,ലബ്നാൻ 2012)അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ ലി ഇബ്നി ഹജ്ർ അസ്ഖലാനി വാല്യം 3, പേജ് 56, സഅ്ദ് ബിൻ ഉബാദ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2005) (അൽഇസ്തീആബ് ഫീ മഅ്രിഫത്തി അൽഅസ്ഹാബ് വാല്യം 2, പേജ് 164 സഅ്ദ് ബിൻ ഉബാദ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, ലബ്നാൻ 2002)

ഇതിനുശേഷം ഞാൻ രണ്ട് പരേതാത്മക്കളെ കുറിച്ച് പരാമർശിക്കുന്നതാണ്. അവരുടെ ജനാസയും നമസ്കരിക്കുന്നതാണ്. ഇൻശാ അല്ലാഹ്. ആദ്യമായി പറയുന്നത്, ബഹമാന്യ സയ്യിദ് മുഹമ്മദ് സർവർ ശാഹ് സാഹിബിനെ കുറിച്ചാണ്. അദ്ദേഹം സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാന്റെ മെമ്പറായിരുന്നു. ജനുവരി 8 ന് 85-ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. കുറച്ചുകാലമായി ക്യാൻസർ രോഗബാധിതനായിരുന്നു. പക്ഷേ, വളരെ ധൈര്യത്തോടും ക്ഷമയോടും സഹിഷ്ണുതയോടുംകൂടി അദ്ദേഹം രോഗത്തെ നേരിട്ടു. അവസാനംവരെ തന്റെ നിർബന്ധകടമകൾ നല്ല നിലയിൽ നിറവേറ്റാൻ ശ്രമിച്ചു. അതിന് തടസമാകാൻ രോഗത്തെ അനുവദിച്ചില്ല. അദ്ദേഹം ഒഡീശ സംസ്ഥാനത്തിലെ സൂങ്കഢ എന്ന സ്ഥലത്തെ പ്രസിദ്ധമായ ഒരു സാത്വിക കുടുംബവുമായി ബന്ധപ്പെട്ട വ്യക്തിയാണ്. അദ്ദേഹത്തിന്റെ പ്രമാതാമഹൻ ഹദ്റത്ത് സയ്യിദ് അബ്ദുർറഹീം സാഹിബ്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ആയിരുന്നു. മാതാമഹൻ മൗലവി അബ്ദുൽ അലീം സാഹിബ് മഹാപണ്ഡിതനും കവിയുമായിരുന്നു. ഇദ്ദേഹം ജനിച്ചപ്പോൾ ഇദ്ദേഹത്തിന്റെ പിതാവ് തന്റെ അമ്മോശനോടു പേരിടാൻ ആവശ്യപ്പെട്ടു. താൻ സ്വപ്നത്തിൽ ഹദ്റത്ത് സർവർശാഹ് സാഹിബിനെ കണ്ടുവെന്നു അദ്ദേഹം പറഞ്ഞു; അദ്ദേഹം നമ്മുടെ വീട്ടിൽവന്നു. അതുകൊണ്ട് ഈ കുട്ടിയുടെ പേരും സയ്യിദ് സർവർ എന്ന് വെക്കുക. പ്രാഥമിക വിദ്യാഭ്യാസം കട്ടക് ജില്ലയിലാണ് കരസ്ഥമാക്കിയത്. ബി.എ പാസ്സായി. പിന്നീട് പ്രൈവറ്റ് സ്കൂളിൽ ഹെഡ്മാസ്റ്ററായി. അതിനുശേഷം ഒഢിശ ഹൈക്കോർട്ടിൽ അസിസ്റ്റന്റായി. പിന്നീട് ഓഡിറ്റ് ഓഫീസർ എന്ന പദവിയിൽ ജോലിചെയ്തു. റിട്ടയേർഡ്മെന്റിനുശേഷം 1995-ൽ ജമാഅത്ത് പരമായ സേവനത്തിനു തന്നെ സമർപിച്ചു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)1 996-ൽ ചില ജോലികൾ അദ്ദേഹത്തെ ഏല്പിച്ചിരുന്നു. അതിന്റെ ഇൻചാർജാക്കി. അദ്ദേഹത്തിന് ഉംറ ചെയ്യാനും തൗഫീഖ് കിട്ടി. കേന്ദ്ര ഓഡിറ്ററും മറ്റു പലകാര്യങ്ങളിലും വൺ മാൻ കമ്മീഷൻ (one man commission) എന്ന നിലയിലും ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്(റഹ്) അദ്ദേഹത്തെ നിയമിച്ചു. പിന്നീട് അവസാനംവരെ ഇതേ ഓഡിറ്റ് എന്ന പദവിയിലായിരുന്നു. പരേതന് ഒമ്പത് വർഷം വരെ സ്വദ്ർ ഖളാ ബോർഡ് എന്ന നിലയിൽ സേവനം ചെയ്യാൻ ഭാഗ്യം കിട്ടി. ഇപ്രകാരം തന്നെ പല സുപ്രധാന കേന്ദ്ര കമ്മിറ്റികളുടെ സ്വദ്റും അംഗവുമായിരുന്നു. മരണംവരെ സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ അംഗമായിരിക്കാനും സൗഭാഗ്യം കിട്ടി. സംഘടനാ പാടവം വളരെ മികച്ചതായിരുന്നു. ഞാൻ പറഞ്ഞതുപോലെ ദീർഘ നാൾ കേന്ദ്ര ഓഡിറ്റർ എന്ന നിലയിലും സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) അദ്ദേഹത്തിനെഴുതിയ ഒരു കത്തിൽ പറഞ്ഞു: ‘അങ്ങ് നല്ലവണ്ണം പണിയെടുക്കുന്നു. ജസാക്കുമുല്ലാഹു അഹ്സനുൽജസാഇ. അങ്ങ് നിർഭയം യാഥാർഥ്യം പ്രകടിപ്പിക്കുന്നത് വളരെ ഇഷ്ടപ്പെട്ടു. മാശാഅല്ലാഹ് അതിസൂക്ഷ്മവും സുപ്രധാനവുമായ വശങ്ങളിൽ ദൃഷ്ടി പോകുന്നു. താങ്കൾ ഇതേപോലെ താങ്കളുടെ പരിപാടിയനുസരിച്ച് ജോലി ചെയ്തുകൊണ്ടിരിക്കുക. ഇതിൽനിന്ന് താങ്കളെ തടയാൻ ആർക്കും സാധിക്കുകയില്ല. അല്ലാഹു താങ്കൾക്ക് ആരോഗ്യം നല്കുമാറാകട്ടെ. ആയുസ്സിൽ അനുഗ്രഹം ചൊരിയുമാറാകട്ടെ.’(ആ നേരത്ത് അദ്ദേഹത്തിന്റെ ആയുരാരോഗ്യത്തിനുവേണ്ടി ദുആയും ചെയ്തു).

ഖാദിയാനിലെ നാളിം സാഹിബ് ദാറുൽഖളാ വിവരിക്കുന്നു: ഖളായിലെ എല്ലാ ജോലിക്കാരോടും വളരെ സ്നേഹപരമായ ബന്ധമായിരുന്നു. ബോർഡിലെ നടപടി നടന്നുകൊണ്ടിരിക്കുന്ന കേസുകളിൽ കഴിയുന്നത്ര വേഗം തീരുമാനമെടുക്കാൻ ശ്രമിച്ചിരുന്നു. അദ്ദേഹം വളരെ സൂക്ഷ്മതയോടെ ഫൈലുകൾ നോക്കുമായിരുന്നു. നീതിയോടുകൂടി തീർപ്പു കൽപിക്കുന്നതിന് എല്ലാ വിധത്തിലും ശ്രമിച്ചിരുന്നു. നല്ല അഭിപ്രായങ്ങൾ പറയുന്ന ആളായിരുന്നു. ഓർമയുള്ള കാര്യങ്ങളിൽ അല്ലാഹുവിൽനിന്ന് മാർഗദർശനം തേടിക്കൊണ്ടിരുന്നു. ഡോക്ടർ ത്വാരിഖ് സാഹിബ് അദ്ദേഹത്തിന്റെ ജാമാതാവാണ്. ഖാദിയാനിലെ നൂർ ഹോസ്പിറ്റലിന്റെ സീനിയർ മെഡിക്കൽ ഓഫീസറാണ്. അദ്ദേഹം പറയുന്നു: ‘മുടങ്ങാതെ തഹജ്ജുദ് നമസ്രിക്കുന്നതിനുപുറമെ മസ്ജിദ് മുബാറക്കിൽ കൃത്യ സമയത്ത് നമസ്കാരങ്ങൾ അനുഷ്ഠിക്കുമായിരുന്നു. കൈയ്ക്കും കാലിനും ബലഹീനത ഉണ്ടാകുകയും നേരെ നടക്കാൻ പറ്റാതെ വരികയും ചെയ്തപ്പോൾ മറ്റുള്ളവരുടെ സഹായത്താൽ മസ്ജിദിൽ വരുമായിരുന്നു. ജുമുഅ നമസ്കാരത്തിന് എപ്പോഴും ആദ്യമെ പോയി ആദ്യത്തെ സ്വഫ്ഫിൽ ഇരിക്കുമായിരുന്നു. മഗ്രിബ് നമസ്കാരം മുതൽ ഇശാ നമസ്കാരം വരെ മസ്ജിദിലിരുന്ന് നഫ്ലുകളിലും ദ:ുആകളിലും തസ്ബീഹുകളിലും മുഴുകുമായിരുന്നു.

നാളിർ അഅ്ലാ ഖാദിയാനും എഴുതുന്നു: അദ്ദേഹത്തിന്റെ സൽഗുണങ്ങൾ ഒരുപാടായിരുന്നു. വലിയ വിനയമായിരുന്നു. അതിഥി സൽക്കാര പ്രിയനായിരുന്നു. കഠിനാധ്വാനിയായിരുന്നു. ദരിദ്രരോടു സഹതാപമുള്ള ആളായിരുന്നു. തന്റെ മേലുദ്യോഗസ്ഥരെ അങ്ങേയറ്റം അനുസരിക്കുകയും പിൻപറ്റുകയും ചെയ്തിരുന്നു. ഖിലാഫത്തുമായുള്ള ബന്ധം അഗാധമായിരുന്നു. ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കാൻ മറ്റുള്ളവരെ ഉപദേശിച്ചുകൊണ്ടിരുന്നു. ദൈവകൃപയാൽ മൂസിയായിരുന്നു. പരേതന്റെ എല്ലാ ആൺമക്കളും പെൺമക്കളും ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ സജീവമാണ്. അദ്ദേഹത്തിന്റെ ചെറിയ മകൻ സയ്യിദ് മഹ്മൂദ് അഹ്മദ് ഖാദിയാനിലെ നൂർ ഹോസ്പിറ്റലിൽ ഫാർമസിസ്റ്റായി സേവനം ചെയ്തുവരുന്നു. അദ്ദേഹത്തിന്റെ രണ്ടു ജാമാതാവും സയ്യിദ് തൻവീർ അഹ്മദ് സാഹിബും ഡോക്ടർ ത്വാരിഖ് അഹ്മദ് സാഹിബും വാഖ്ഫെ സിന്ദഗിയാണ്. ഖാദിയാനിൽ സേവനം ചെയ്യാനുള്ള തൗഫീഖ് കിട്ടിക്കൊണ്ടിരിക്കുന്നു. ഇപ്രകാരംതന്നെ ചെറിയ ജാമാതാവ് സയ്യിദ് ഹസൻ ഖാൻ സാഹിബ് റിട്ടയേർഡ്മെന്റിനുശേഷം സന്നദ്ധസേവകനായി ജമാഅത്തിന് സേവനം ചെയ്തുവരുന്നു.

സാഹിബ് സാദ ഹദ്റത്ത് മിർസാ വസീം അഹ്മദ് സാഹിബ് നാളിർ അഅ്ലാ ആയിരിക്കുവോളം എപ്പോഴും അച്ചടക്കത്തിന്റെ വൃത്തത്തിൽനിന്നുകൊണ്ട് ഓഡിറ്റ് ചെയ്യുകയും അദ്ദേഹത്തോടു ബന്ധപ്പെട്ട ചോദ്യങ്ങൾ ചോദിക്കുകയും ചെയ്തിരുന്നു. മുഴുവൻ ഖാദിയാനിലും മിയാ സാഹിബിനെപ്പോലെ സ്നേഹിക്കുന്ന ഒരാളുമില്ലെന്ന് പറയാറുണ്ടായിരുന്നു. ദാറുൽ മസീഹിലാണ് താമസിച്ചിരുന്നത്. ഹദ്റത്ത് മിയാ സാഹിബ് അദ്ദേഹത്തിന്റെ എല്ലാ കാര്യങ്ങളും ശ്രദ്ധിക്കുമായിരുന്നു. ശാഹ് സാഹിബ് ചിലപ്പോൾ ഹദ്റത്ത് മിയാ സാഹിബിന്റെ സ്നേഹവും വാത്സല്യവുമോർത്ത് കരയുമായിരുന്നു. ഖാദിയാനിലെ ദർവേശുമാരെ ഏറെ ബഹുമാനിച്ചിരുന്നു. അദ്ദേഹം തന്നെയും വളരെ വിനയത്തോടെ ദർവേശിജീവിതം ഉൾക്കൊണ്ടിരുന്നു. ജാമിആയിലെ വിദ്യാർഥികളോടു സ്നേഹത്തോടെ പെരുമാറയിരുന്നു. ഉലമാഇനെ വളരെ ആദരിച്ചിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. സന്താനങ്ങൾക്കും അദ്ദേഹത്തിന്റെ മാർഗത്തിലൂടെ സഞ്ചരിക്കാനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

രണ്ടാമത്തെ ജനാസ, ബഹുമാന്യ ശൗകത്ത് ഗോഹർ സാഹിബയുടെതാണ്. അവർ റബ്വയിലെ ഡോക്ടർ ലത്വീഫ് അഹ്മദ് ഖുറയ്ശിയുടെ ഭാര്യയാണ്. പരേതനായ മൗലാന അബ്ദുൽ മാലിക് ഖാൻ സാഹിബിന്റെ മകളായിരുന്നു. ജനുവരി 5 ന് 77-ാമത്തെ വയസ്സിൽ റബ്വയിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇവരും മൂസിയയായിരുന്നു. ആഗ്രയിലാണ് ഇവർ ജനിച്ചത്. ആ നാളുകളിൽ അവരുടെ പിതാവ് അബ്ദുൽമാലിക് ഖാൻ സാഹിബ് ആഗ്രയിൽ മുബല്ലിഗായിരുന്നു. പിന്നീട് ഇവർ മാതാപിതാക്കളോടൊപ്പം ഹൈദ്രാബാദ് ദക്കനിൽ താമസിച്ചു. പാക്കിസ്താൻ നിലവിൽ വന്ന

| | |
|---|---|
| ‘ഖലീഫ ജമാഅത്തിന്റെ പരിഷ്ക്കരണത്തിന് എന്തെങ്കിലും പറഞ്ഞാൽ അതേറ്റെടുക്കുകയും ജമാഅത്തംഗങ്ങളുടെ മുമ്പിൽ അത് ആവർത്തിക്കുകയും ചെയ്യുക. മന്ദബുദ്ധിയിൽ മന്ദബുദ്ധിയായവനുപോലും അതു മനസ്സിലാകാനും ദീനിൽ ശരിയായ നിലയിൽ നടക്കാനുള്ള വഴിപ്രാപിക്കാനും അതാവർത്തിക്കുക. ആവർത്തിക്കുക, ആവർത്തിക്കുക!’ (ഖുത്വ്ബാത്തെ മഹ്മൂദ് വാല്യം 18 പേജ് 214 – 215) (ഖുത്വ്ബ ജുമുഅ 29 – 5 – 2015) | അമീറുൽ മുഅ്മിനീന്റെ ഉപദേശം:- |

| | |
|---|---|
| നമ്മുടെ ആരാധനകളുടെ പുരോഗതിതന്നെ നമുക്ക് വിജയങ്ങൾ പ്രദാനം ചെയ്യുന്നതാണ്. അതുകൊണ്ടുതന്നെ ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ജമാഅത്ത് മുഴുവൻ ഇതു സംബന്ധമായി വളരെ തീവ്രമായ ശ്രദ്ധ ചെലുത്തേണ്ട ആവശ്യമുണ്ട്. (ജുമുഅ ഖുത്വ്ബ 27 – 1 – 2017) | അമീറുൽ മുഅ്മിനീന്റെ ഉപദേശം:- |

ത്വാലിബെ ദുആ:
Ahmadiyya Muslim Jama’at Palluruthy, Ernakulam dist:

ത്വാലിബെ ദുആ:
Abdul Hameed Koya Ameer Ahmadiyya Jama’ath Kannur Town, Kerala

പ്പോൾ കറാച്ചിയിൽ ഷിഫ്റ്റായി. ഇവർ പ്രാഥമികവിദ്യാഭ്യാസം കരസ്ഥമാക്കിയത് കറാച്ചിയിലായിരുന്നു. വിദ്യാഭ്യാസത്തിലും പഠനത്തിലും വളരെ സമർഥയായിരുന്നു. എപ്പോഴും നല്ല പൊസിഷൻ കരസ്ഥമാക്കിയിരുന്നു. വളരെ ചെറുപ്രായത്തിൽത്തന്നെ ദീനീസേവനത്തിൽ തൽപരയായിരുന്നു. നാസിറാത്ത് സെക്രട്ടറിയായപ്പോൾ കറാച്ചിയിലെ നാസിറാത്തിനെ ഒന്നാം നിരയിലെത്തിച്ചു. പിന്നീട് 1961–ൽ അവരുടെ നിക്കാഹ് ഡോക്ടർ ലത്വീഫ് ഖുറയ്ശി സാഹിബുമായി നടന്നു. അപ്പോൾ അദ്ദേഹം മെഡിക്കൽ കോളേജിൽ പഠിക്കുകയായിരുന്നു. അതിനുശേഷം അദ്ദേഹം ഇംഗ്ലണ്ടിൽ വന്നപ്പോൾ ഇവർ അവധിയെടുത്ത് അദ്ദേഹത്തിനോടൊപ്പം ഇവിടെ വന്നു. പിന്നീട് താൻ ഇവിടെ വിദ്യഭ്യാസം പൂർത്തിയാക്കിയ വിവരം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിനെ അദ്ദേഹം എഴുതിയറിയച്ചപ്പോൾ പാക്കിസ്താനിൽ വരാൻ പറഞ്ഞു. അങ്ങനെ ഫള്ലെ ഉമർ ഹോസ്പിറ്റലിൽ നിയമിതനായി. ഇവരും വളരെ സന്തോഷത്തോടെ തന്റെ ഭർത്താവിനോടൊപ്പം റബ്വയിൽപോയി സേവനം തുടങ്ങി. ജമാഅത്തിന് സേവനം ചെയ്യാനുള്ള അവസരങ്ങളും അവർക്ക് കിട്ടിക്കൊണ്ടിരുന്നു. അവർ അവിടെ ലജ്നയ്ക്കുവേണ്ടി ഒരുപാട് പ്രവൃത്തിച്ചു. അവരുടെ കാലത്ത് റബ്വ വാസികളായ എല്ലാവർക്കും എല്ലാ സ്ത്രീകൾക്കും ഞാൻ വിചാരിക്കുന്നത് എല്ലാ കുട്ടികൾക്കും അവരുടെ സേവനം അറിയാമായിരുന്നുവെന്നാണ്.

എന്റെ മാതാവ് സാഹിബ് സാദി നാസിറ ബീഗം സാഹിബ റബ്വ ലജ്ന സദ്ർ ആയിരുന്നപ്പോൾ അവരുടെ മജ്‌ലിസെ ആമിലായിൽ ഇവരെ ജനറൽ സെക്രട്ടറിയായി നിയമിച്ചു. 15 വർഷംവരെ ഈ സ്ഥാനം അലങ്കരിച്ചു. മാതാവിൽനിന്നാണ് ഇവർ പരിശീലനം നേടിയത്. അതിനുശേഷം വലിയ സംഘടനാപരമായ കഴിവുകളോടെ അവർ പ്രവൃത്തിച്ചു. പിന്നീട് കേന്ദ്ര ആമിലായിലും സെക്രട്ടറി എന്ന നിലയിൽ പ്രവർത്തിച്ചു. പിന്നീട് ഞാൻ അവരെ പാക്കിസ്താൻ കേന്ദ്ര ജനറൽ സെക്രട്ടറിയായി നിയമിച്ചു. 6 വർഷംവരെ അവിടേയും വളരെ നല്ല സേവനം കാഴ്ചവച്ചു. തന്റെ രോഗം കാരണത്താൽ ലജ്നയുടെ പ്രവർത്തനം ഉപേക്ഷിക്കേണ്ടിവന്നു. പക്ഷേ, എന്നിട്ടും സേവനത്തിനുള്ള അവസരം കിട്ടിക്കൊണ്ടിരുന്നു. ഏതെങ്കിലും രീതിയിൽ സേവനം ചെയ്തുകൊണ്ടിരുന്നു. 50 വർഷംവരെ വിവിധ വകുപ്പുകളിൽ അവർ ജമാഅത്തിനു സേവനം ചെയ്യാൻ തൗഫീഖ് പ്രാപിച്ചു. അവരോടൊപ്പം ജോലിചെയ്തിരുന്ന എല്ലാ സ്ത്രീകളും എല്ലാ പെൺകുട്ടികളും അവരെ വളരെയേറെ പ്രശംസിച്ചിട്ടുണ്ട്. അയൽവാസികളോടുള്ള സൽപെരുമാറ്റം, സാധുക്കളേയും ആവശ്യക്കാരേയും ശ്രദ്ധിക്കൽ, അതിഥി സൽക്കാരം, ചന്ദകൾ പ്രത്യേകമായ നിലയിൽ കൊടുക്കൽ, ശ്രദ്ധയോടും ആദ്യ ഒഴിവിൽത്തന്നെയും കൊടുക്കൽ തുടങ്ങിയവയെല്ലാം അവരുടെ പ്രത്യേകതകളായിരുന്നു. എന്നല്ല വഖ്ഫെ ജദീദിന്റെ ചന്ദ ഈ വർഷവും വിളംബരം ചെയ്ത ഉടൻ വഫാത്തിനു കുറച്ചുദിവസം മുമ്പേ അടച്ചിരുന്നു. അഞ്ചാം തിയതിയാണ് അവർ വഫാത്തായത്. ഒന്നാം തിയതി വിളംബരം നടന്നു. ഉടനെ തന്നെ ആദ്യം അടയ്ക്കുകയും ചെയ്തു.

ഡോക്ടർ ഖുറയ്ശി സാഹിബ് എഴുതുന്നു: ‘പരേതേ 50 വർഷ ദാമ്പത്യജീവിത കാലഘട്ടത്തിൽ ഉത്തമയായ ഭാര്യ, ഉത്തമയായ മാതാവ്, ഉത്തമയായ സഹോദരി, ഉത്തമയായ മകൾ എന്ന നിലയിൽ തന്റെ കടമകൾ നിറവേറ്റി. എഴുതുന്നയാൾ ഇവിടെ ഒരു കാര്യം വിട്ടിട്ടുണ്ട്. അല്ലെങ്കിൽ ഡോക്ടർ സാഹിബ് വിവരിച്ചിട്ടില്ല. ഉത്തമയായ മരുമകളുമായിരുന്നു. ഒരുപക്ഷേ, അബദ്ധവശാൽ വിട്ടുപോയിട്ടുണ്ടാകും. അവരുടെ ഭർതൃമാതാവിനോടും ഭർതൃപിതാവിനോടുമൊപ്പം ജീവിച്ചു. എന്നല്ല ഇപ്പോഴും അവർ ജീവിച്ചിരിപ്പുണ്ട്. കൂടെയാണുണ്ടായിരുന്നത്. അവരെ സേവിച്ചു. രോഗാവസ്ഥയിലും സേവിച്ചു. മാതാവിനെപ്പോലെ അവരെ നോക്കി. ചുരുക്കത്തിൽ അവർ മാതൃകാപരമായി ജീവിച്ചതിനു ശേഷമാണ് ഈ ലോകത്തുനിന്ന് വിട പറഞ്ഞത്. രോഗം ദീർഘകാലമായിരുന്നു. എന്നിട്ടും വീട്ടു ജോലികളിൽ താൽപര്യമെടുക്കുകയും അത് പൂർത്തിയാക്കുകയും ചെയ്തു. രോഗാവസ്ഥയിൽ ഒരു പരാതിയും നാവിൽ കൊണ്ടുവന്നില്ല. രോഗത്തെ ക്ഷമയോടുകൂടി സഹിച്ചു. ഖിലാഫത്തിനോടു അഗാധ ബന്ധമായിരുന്നു. അവരുടെ ദുഃഖാർത്തരായ ബന്ധുക്കളിൽ അവരുടെ ഭർത്താവ് ഡോക്ടർ ലത്വീഫ് ഖുറയ്ശീ സാഹിബിനെ കൂടാതെ മൂന്നു പുത്രന്മാരും മൂന്നു പുത്രിമാരുമുണ്ട്. ഒരു മകൾ ഡോക്ടറാണ്. ഒരു മകൻ എഞ്ചിനിയറാണ്. എല്ലാവരും വിദ്യാസമ്പന്നരാണ്. അവരെ വിഷമം പിടിച്ച അവസ്ഥകളിൽ പഠിപ്പിച്ചു. ഒരു മകൾ അവരോടു ഒരിക്കൽ പറഞ്ഞു: ഉമ്മ ആഭരണങ്ങൾ ഒരിക്കലും അണിയുന്നില്ലല്ലോ? നല്ല വസ്ത്രങ്ങളൊന്നും ധരിക്കുന്നില്ലല്ലോ? അവർ പറഞ്ഞു: ‘ഞാൻ മിച്ചം പിടിക്കുന്ന തുക നിങ്ങളുടെ വിദ്യഭ്യാസത്തിനായി ചെലവഴിക്കുകയാണ്. എന്റെ ആഭരണങ്ങളും എന്റെ വസ്ത്രങ്ങളുമെല്ലാം ഇതുതന്നെയാണ്. നിങ്ങൾ ഉന്നതവിദ്യഭ്യാസമുള്ളവരും ജമാഅത്തിന് ഫലപ്രദരാകുന്നവരും ആവണം എന്നതാണ് എന്റെ ആഗ്രഹം. നിങ്ങൾ ജമാഅത്തിന് ഗുണമുള്ളവരാകുകയും നിങ്ങളെത്തന്നെയും സംരക്ഷിക്കുന്നവരാകുകയും ചെയ്യുക.’

സത്യമായ സ്വപ്നങ്ങൾ കാണുന്നവരായിരുന്നു അവർ. കശ്ഫുകളുമുണ്ടാകുമായിരുന്നു. പൂർത്തിയായ പല സ്വപ്നങ്ങളും അവരുടെ മക്കൾ എഴുതിയിട്ടുണ്ട്. ഒരു കുട്ടിയുടെ കോളേജ് പ്രവേശന സമയത്ത് നിനക്ക് ഇന്ന മെഡിക്കൽകോളേജിൽ പ്രവേശനം ലഭിക്കുമെന്ന് പറഞ്ഞു;ഞാൻ സ്വപ്നത്തിൽ കണ്ടിരിക്കുന്നു. അവിടെത്തന്നെ അവൾക്ക് പ്രവേശനവും കിട്ടി. ഇപ്രകാരംതന്നെ അവരുടെ അസംഖ്യം സ്വപ്നങ്ങൾ വേറേയുമുണ്ട്. ദൈവകൃപയാൽ വളരെ സൽഗുണസമ്പന്നയായ സ്ത്രീയായിരുന്നു. തന്റെ സഹോദരിമാരേയും നോക്കി.

അവരുടെ മകൻ അബ്ദുൽമാലിക്കെഴുതി: ‘ജമാഅത്തിന് അതുല്യമായ സേവനം ചെയ്യുന്നവരായിരുന്നു. പലപ്രാവശ്യവും ലജ്ന ഓഫീസിൽനിന്ന് ദാറുൽഉലൂംവരെ അത്യുഷ്ണ കാലത്ത് നടന്നുവരുമായിരുന്നു. ഒരിക്കലും പരാതി പറഞ്ഞിട്ടില്ല. പെരുന്നാളിന്റെ അവസരങ്ങളിൽ എപ്പോഴും അടുത്തുള്ളവരും ദൂരത്തുള്ളവരുമായ അയൽവാസികൾക്ക് വീട്ടിൽ പായസംവച്ച് കൊടുത്തുവിടുമായിരുന്നു. നമ്മൾ ദീനുമായി ബന്ധപ്പെട്ടിരുന്നാൽ അല്ലാഹു ഒരിക്കലും നമ്മെ നഷ്ടപ്പെടുത്തുകയില്ലെന്ന് എപ്പോഴും പറയുമായിരുന്നു.

അവരുടെ മകൾ പറയുന്നു:‘വിവാഹത്തിനു ശേഷം എനിക്ക് മക്കളുണ്ടായപ്പോൾ –അവർ അമേരിക്കയിലാണ് താമസിക്കുന്നത് അമേരിക്കയിലേയും മറ്റു വിദേശരാജ്യങ്ങളിലേയും പൊതുവെയുള്ള മോശമായ ചുറ്റുപാടുകളിൽനിന്ന് രക്ഷപ്പെടുന്നതിന് നിന്റെ മക്കളോടു സ്നേഹവും സുഹൃത് ബന്ധവും പുലർത്തണമെന്ന് എപ്പോഴും ഉപദേശിക്കുമായിരുന്നു. അവർ വീടുമായി ഇണങ്ങിച്ചേരുംവിധം വീടിന്റെ ചുറ്റുപാടുണ്ടാക്കുക. വെളിയിൽപോകുന്നതിനുപകരം അവർ വീട്ടിൽത്തന്നെ അധികസമയം ചെലവഴിക്കണം.’

പിന്നീട് ഈ മകൾ പറയുന്നു:‘മെഡിക്കൽ കോളേജിൽ ഒരിക്കൽ പെൺകുട്ടികൾ എന്നെ എതിർത്തു. അഹ്മദിയായ കാരണത്താൽ ബഹിഷ്കരിച്ചു. ഞാൻ എന്റെ ഉമ്മയെ വിവരം അറിയിച്ചു. കരയാൻ തുടങ്ങി. ഉമ്മ വളരെ നല്ല രീതിയിൽ ഉപദേശിച്ചു. പറഞ്ഞു: ‘ഇതിൽ കരയാൻമാത്രം എന്തിരിക്കുന്നു? ഇതു പ്രവാചകന്മാരുടെ നടപടിക്രമമാണ്. അതിലൂടെ നടക്കാൻ അവസരം കിട്ടുകയാണ്. എഴുതിവച്ചുകൊള്ളുക, അഹ്മദിയ്യത്തു കാരണത്താൽ നിനക്ക് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായാൽ അല്ലാഹു നിന്നെ ഒരിക്കലും നഷ്ടപ്പെടുത്തിക്കളയുകയില്ല. പരീക്ഷയിലും ജയിക്കുന്നതായിരിക്കും. അവർ പറയുന്നു: ‘ഞാൻ പരീക്ഷയിൽ പാസായെന്നു മാത്രമല്ല, പ്രത്യുത ദ്രോഹിച്ച പെൺകുട്ടികളെല്ലാം തോൽക്കുകയും ചെയ്തു.’

അല്ലാഹു പരേതയുടെ പദവികൾ ഉയർത്തുമാറാകട്ടെ. സന്താനങ്ങൾക്കും അവരുടെ മാർഗത്തിലൂടെ സഞ്ചരിക്കാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. അവർ നന്മയുള്ളവരും സാത്വികരും ദീനിന്റെ സേവകരുമാകട്ടെ. എപ്പോഴും ഖിലാഫത്തുമായി ബന്ധം വെക്കുന്നവരും ആത്മാർഥത പുലർത്തുന്നവരും ആയിരിക്കട്ടെ. ഞാൻ പറഞ്ഞതുപോലെ നമസ്കാരത്തിനുശേഷം ഇവരിരുവരുടേയും ജനാസ ഗാഇബ് ഞാൻ നമസ്കരിപ്പിക്കുന്നതാണ്.

## നിങ്ങൾക്കുമെഴുതാം

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചുതരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും. അയക്കേണ്ട വിലാസം:

മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,
‘ബയ്ത്തുൽ ഇസ്റ’ വണ്ണാം തടം,
അടുത്തില, പഴയങ്ങാടി,
കണ്ണൂർ 670 303.
ismayeel.ha@gmail.com

നൂറുൽ ഇസ്‌ലാംവകുപ്പിന്റെ
പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

1800 3010 2131

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക്
അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.



# "മനുഷ്യാ നീ മണ്ണാകുന്നു"

ഉമ്മുനസ്വീർ

ലിംഗസമത്വവും ലിംഗനീതിയും ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിലും ഏറെ ചർച്ചചെയ്യപ്പെടുകയും വിമർശനവിധേയമാകുകയും ചെയ്ത വിഷയമാണ്. മണ്ണും വിണ്ണും ആൺപെൺ വകഭേദങ്ങളാലല്ല, മറിച്ച് ഒന്നിന്റെ നിലനിൽപിന് മറ്റൊന്ന് അനിവാര്യമാകുന്നു. പ്രകൃതിയിൽ എല്ലാ വസ്തുക്കളും ജോഡികളായാണ് സ്ഥിതി ചെയ്യുന്നത്. ഒറ്റ എപ്പോഴും അപൂർണമാണ്. ഒരു നാണയത്തിന്റെ ഇരുവശവും ചേരുമ്പോൾ മാത്രമേ അതിന് പൂർണത കൈവരുന്നുള്ളൂ. ഒരു മനുഷ്യന്റെ വലതും ഇടതും കൈകാലുകൾ ചേരുമ്പോഴെ അവൻ പൂർണത നേടുന്നുള്ളൂ... എന്നാൽ, അവന്റെ വലത് കൈയ്ക്ക് കൂടുതൽ മഹത്ത്വമെന്നോ ഇടത് കൈ രണ്ടാം സ്ഥാനത്തെന്നോ അത് അർഥമാക്കുന്നില്ല. അവന്റെ ഓരോ ആവശ്യത്തിനും സൗകര്യംപോലെ ഇരുകരങ്ങളും മാറി മാറി ഉപയോഗിക്കുന്നു.

അതുപോലെ സ്ത്രീയും പുരുഷനും കുടുംബത്തിലും സമൂഹത്തിലും സ്വയവും പരസ്പര പൂരകങ്ങളായാണ് വർത്തിക്കുന്നത്. എല്ലാ ജീവജാലങ്ങളിലും അങ്ങനെതന്നെ. എന്നാൽ, ചിന്താശക്തിയും ബുദ്ധിയുമുള്ള മനുഷ്യൻ എന്നും തന്റെ പാതിയെ രണ്ടാം നിലയിലേക്ക് തള്ളി താനെന്തോ ഒരു സ്പെഷ്യൽ ആണെന്ന് ഭാവിക്കുന്നു. നമുക്കറിയാം പല കാര്യങ്ങളിലും പുരുഷനെക്കാൾ മനക്കരുത്തും മെയ്ക്കരുത്തുമുള്ള സ്ത്രീകളുണ്ട്. ചില കുടുംബങ്ങളിലും രാജ്യങ്ങളിലും പുരുഷന്മാരേക്കാൾ കഴിവും പ്രാപ്തിയും തെളിയിച്ച് ഭരണം നടത്തിയ സ്ത്രീകളുമുണ്ട്.

ചിലയിടത്ത് പുലിപോലെ വിറപ്പിക്കുന്ന വീരകേസരികളെ നോട്ടംകൊണ്ടും ആംഗ്യംകൊണ്ടും നിയന്ത്രിക്കുന്നവരുണ്ട്. അവയൊക്കെയും സമയസന്ദർഭാനുസൃതവും ആവശ്യാനുസരണവുമാകുന്നു. ഒരുകാര്യം മുന്നോട്ടു നീങ്ങുന്നതിനോ പൂർത്തീകരിക്കുന്നതിനോ ഉള്ള സംവിധാനമെന്ന് പറയാം. നമ്മൾ കിണറ്റിൽനിന്ന് വെള്ളമെടുക്കാൻ തൊട്ടിയും തൊട്ടിയിൽനിന്ന് വെള്ളമെടുക്കാൻ പാട്ടയും ഉപയോഗിക്കുന്നു. അതുകൊണ്ട് തൊട്ടിക്ക് പാട്ടയെക്കാൾ മഹത്ത്വമുണ്ടെന്ന് പറയാൻ കഴിയുമോ. മനുഷ്യരുടെ ലിംഗഭേദത്തിന്റെ കാര്യവുമങ്ങനെതന്നെ. ഒരു വാഹനമോടാൻ സൈക്കിളിന് രണ്ട് വീൽ. ഒരു വീൽ പിറകിലോടിയേ പറ്റൂ. അത് രണ്ടാം തരമായത് കൊണ്ടല്ല. എന്നാൽ, അത് നാലുചക്ര വാഹനമാകുമ്പോൾ മുന്നിലെ രണ്ട് ചക്രവും തുല്യമായോടണം... ഒരു ഫാമിലിയിലെ മാതാപിതാക്കളെപോലെ.. അപ്പോൾ ഒന്നാമൻ രണ്ടാമൻ വലുത് ചെറുത് ഇവയൊക്കെ പരിവർത്തന വിധേയമാണ്. പിന്നെ പുരുഷന് സമൂഹം മേൽക്കോയ്മ നൽകിയത് അതൊരു വസ്തുവിന്റെ വേഗം, അല്ലെങ്കിൽ ചലനം സുഗമമാക്കാനുള്ള അഗ്രം, അതുമല്ലെങ്കിൽ, ലക്ഷ്യവേഗത്തിനായ് അമ്പ് കൂർപ്പിക്കുമ്പോലെ കുടുംബമോ, സമൂഹമോ, രാഷ്ട്രമോ ലക്ഷ്യപ്രാപ്തി നേടാൻ അമരക്കാരൻ അഥവാ ഡ്രൈവർ ഒന്നായേ പറ്റൂ. അത് കഴിവോ പ്രാപ്തിയോ അനുസരിച്ച് സ്ത്രീയോ പുരുഷനോ ആകാം.

വിശുദ്ധഖുർആനിൽ അല്ലാഹു തന്റെ സവിശേഷ സൃഷ്ടിയായ ആദമിന് നാമങ്ങൾ പഠിപ്പിച്ചുകൊടുത്തതായി പറയുന്നു. അല്ലാഹുവിന്റെ ഈ വിശിഷ്ടസൃഷ്ടിപ്പിന്റെ ഉദ്ദേശ്യമറിയാത്ത മലക്കുകളോട് അല്ലാഹു പദാർഥങ്ങളുടെ പേര് പറയാനാവശ്യപ്പെട്ടപ്പോൾ അവർ കൈമലർത്തുകയുണ്ടായി; അല്ലാഹു കൽപിക്കുന്നതല്ലാതെ തങ്ങൾക്ക് ഒരുവിധ അറിവുമില്ലെന്ന്. പിന്നെ അല്ലാഹു ആദമിനോട് ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം വസ്തുക്കളുടെ പേര് കേൾപ്പിച്ചു; അന്ന് മാത്രമല്ല ഇന്നും മനുഷ്യർ ഏതൊരു വസ്തുവിനും നാമകരണം നടത്തുന്നു. ഏത് പുതിയ കണ്ടുപിടിത്തവും, സൃഷ്ടിയും അവൻ പേര് മുഖേന മനസ്സിലാക്കുന്നു. മനുഷ്യവംശത്തോട് (സംസ്കാരം സിദ്ധിച്ച) ദൈവത്തിന്റെ പ്രഥമ നിർദേശം "ആദമേ നീയും നിന്റെ പത്നിയും ഈ തോട്ടത്തിൽ വസിക്കുകയും അവിടെ നിങ്ങൾ ഇച്ഛിക്കുന്നിടത്ത് സുഭിക്ഷമായി ഭക്ഷിക്കുകയും ചെയ്യുക. എന്നാൽ, ഈ വൃക്ഷത്തെ നിങ്ങൾ സമീപിക്കരുത്. (സമീപിച്ചാൽ) നിങ്ങൾ അധർമികളായി ഭവിക്കും" എന്നാകുന്നു. (2:36) ഇവിടെ ദൈവം തന്റെ അനുഗ്രഹങ്ങളും തിന്മയെക്കുറിച്ചുള്ള മുന്നറിയിപ്പും രണ്ടുപേർക്കും തുല്യമായിട്ടാണ് നൽകിയിട്ടുള്ളത്. ദൈവം പുരുഷനോട് നിർദേശിക്കുകയോ ആദം 'എടിയേ' എന്ന് വിളിച്ച് ഭാര്യയോട് കല്പിക്കുകയോ ചെയ്തിട്ടില്ല. തുടർന്നുള്ള വചനങ്ങളിൽ പിശാച് അത് മുഖേന (വൃക്ഷം/വിലക്കപ്പെട്ട കാര്യങ്ങൾ) അവരെ രണ്ടുപേരേയും വ്യതിചലിപ്പിച്ചു. അങ്ങനെ ഇരുവരെയും അവരുണ്ടായിരുന്ന (ധാർമിക) അവസ്ഥയിൽനിന്ന് അവൻ (പിശാച്) പുറന്തള്ളി. നാം (അല്ലാഹു) പറഞ്ഞു, 'നിങ്ങൾ ഇറങ്ങിപ്പോവുക. നിങ്ങളിൽ ചിലർ ചിലർക്ക് ശത്രുക്കളാണ്. (ഗ്രഹിച്ചുകൊള്ളുക) ഭൂമിയിൽ നിങ്ങൾക്ക് ഒരു നിശ്ചിതകാലംവരെ വാസസ്ഥലവും ജീവിതവിഭവങ്ങളുമുണ്ടായിരിക്കും.' അപ്പോൾ പിശാച് രണ്ടുപേരെയും വഴി തെറ്റിച്ചു എന്നും അല്ലാഹു രണ്ടുപേരെയും തോട്ടത്തിൽനിന്ന് പുറത്താക്കിയെന്നും ഖുർആൻ വ്യക്തമാക്കുന്നു. സാത്താൻ സ്ത്രീയെ വഴിപിഴപ്പിച്ചു എന്നത് ബൈബിൾ കഥയാണ്. സ്ത്രീയെ രണ്ടാം തട്ടിലേക്ക് ആക്കിയത് അവിടം മുതലാണോ എന്ന് സംശയിക്കാം. യേശുവിന്റെ മാതാവിനെകുറിച്ചുള്ള ജൂത ആക്ഷേപവും യേശുവിനെ അവിവാഹിതനാക്കി നിറുത്തിയതുമൊക്കെ കൂട്ടിവായിച്ചാൽ ബൈബിൾ കാലഘട്ടത്തിലെ സ്ത്രീ വിരോധമനോഭാവം വ്യക്തമാകും. ഖുർആൻ പറയുന്നു: അല്ലാഹു നിങ്ങൾക്ക് നിങ്ങളിൽനിന്നുതന്നെ ഇണകളെ ഉണ്ടാക്കിയിരിക്കുന്നു. (നഊദുബില്ലാഹ് ഒരുപക്ഷേ, ആദ്യ ക്ലോണിംഗ്) (16:73) പുരുഷനോ സ്ത്രീയോ ആരായാലും സത്യവിശ്വാസി ആയുംകൊണ്ട് സൽകർമം ചെയ്യുന്നതായാൽ തീർച്ചയായും അയാളെ നാം നല്ല നിലയിൽ ജീവിപ്പിക്കും, അവർ ചെയ്തുകൊണ്ടിരുന്നതിലേറ്റവും നല്ലതനുസരിച്ച് നാം അവർക്ക് നിശ്ചയമായും അവരുടെ പ്രതിഫലം നൽകുന്നതുമാണ്(16:98). ഇവിടെ കർമഫലം മാത്രമേ പറയുന്നുള്ളൂ. ആര് നന്മ ചെയ്യുന്നുവോ അതിനും ആര് തിന്മ ചെയ്യുന്നുവോ അതിനും തത്തുല്യമായ പ്രതിഫലമാണ് ലഭിക്കുക എന്ന് പറയുന്നു. അതിൽ വർഗ, വർണ, വ്യത്യാസങ്ങളൊന്നും ഇല്ലെന്ന് ദൈവം വ്യക്തമാക്കുന്നു. സത്യവിശ്വാസിയായിരിക്കെ ആണിൽനിന്നും പെണ്ണിൽനിന്നും ആര് സുകൃതം പ്രവർത്തിക്കുന്നുവോ അക്കൂട്ടർ സ്വർഗത്തിൽ പ്രവേശിക്കും. അവരോട് തരിമ്പും അനീതി പ്രവർത്തിക്കുകയില്ല (4:125). എന്നാൽ, കുടുംബജീവിതത്തിൽ ഇസ്‌ലാം പുരുഷന് ഒരൽപം മേൽക്കോയ്മ വകവെച്ചുകൊടുക്കുന്നുണ്ട്. അതിനുള്ള കാരണവും വ്യക്തമാക്കുന്നു. അതൊരിക്കലും സ്ത്രീയെ അടിച്ചമർത്താനോ താഴ്ത്തിക്കെട്ടാനോ ഉള്ള ലൈസൻസ് അല്ലതാനും. അല്ലാഹു പറയുന്നു: "പുരുഷന്മാർ സ്ത്രീകളുടെമേൽ രക്ഷാധികാരം ഉള്ളവരാണ്. അല്ലാഹു അവരിൽ ചിലർക്ക് മറ്റവരെക്കാൾ (പുരുഷന് സ്ത്രീയേക്കാൾ) ചില മേന്മകൾ നൽകിയതുകൊണ്ടും അവർ തങ്ങളുടെ ധനത്തിൽനിന്ന് ചെലവ് ചെയ്യുന്നു എന്നുള്ളതുകൊണ്ടുമാണത് (4:35). ഇവിടെ റബ്ബ് അഥവാ രക്ഷിതാവ് എന്ന ദൈവിക സിഫത്തിന്റെ അംശം പുരുഷന് പ്രാപ്യമാകുന്നു. എന്നാൽ, അത് വെറും അധീശപ്രകടനത്തിനുള്ള ലൈസൻസ് അല്ല മറിച്ച് റബ്ബ് എപ്രകാരം തന്റെ സൃഷ്ടികളെ പരിപാലിച്ചും പരിപോഷിപ്പിച്ചുംകൊണ്ട് നടക്കുന്നുവോ അതേ കാരുണ്യവായ്പോടും സമാധാനപാലനത്തിലും രക്ഷയിലും സന്നിഗ്ദ്ധഘട്ടത്തിൽ തുണച്ചും അവൻ തന്റെ കുടുംബത്തെ പരിരക്ഷിക്കേണ്ടതാണ്. അതുകൊണ്ടാണ് നബി(സ) അരുളിയത്, അല്ലാഹുവിനല്ലാതെ മറ്റാരുടെ മുമ്പിലും സുജൂദ് ചെയ്യാമായിരുന്നു എങ്കിൽ സ്ത്രീയോട് തന്റെ ഭർത്താവിനെ സുജൂദ് ചെയ്യാൻ പറയുമായിരുന്നെന്ന്. അല്ലെങ്കിൽ അത്തരം സവിശേഷഗുണത്തോടെ തന്റെ വീട് പരിപാലിക്കുന്നവനെ അവന്റെ കുടുംബം എപ്പോഴും മനസ്സാ നമിക്കുന്നതാണ്.

ശാരീരികക്ഷമത ആവശ്യമുള്ള സ്ഥലങ്ങളിൽ പുരുഷനും സഹനതയും കാരുണ്യവായ്പും വേണ്ടിടത്ത് സ്ത്രീയ്ക്കും പ്രവർത്തന പരിഗണന നൽകിയിരിക്കുന്നു. അതുതന്നെ പരസ്പര പൂരകമായിക്കൊണ്ട്. അവർ നിങ്ങൾക്ക് ഒരു വസ്ത്രമാകുന്നു. നിങ്ങൾ അവർക്കും ഒരു വസ്ത്രമാകുന്നു (2:188). ഇവിടെ സംരക്ഷണത്തിനോ, പ്രതിരോധത്തിനോ സൗന്ദര്യത്തിനോ ഏതിനായാലും പരസ്പരം തുല്യത നൽകിയി

## അല്ലാഹുവിന്റെ കലാം

*"അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.'(2:22)*

ത്വാലിബെ ദുആ
M.P.Haneef Ahmad
Ahmadiyya Jama-ath Koodali, Kerala.

## കലാമുൽ ഇമാം:-

'ഈ ലോകത്ത് ദൈവത്തെ കാണാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവൻ അന്ത്യനാളിലും അന്ധകാരത്തിലായിരിക്കും. അല്ലാഹു പറയുന്നു: 'ഈ ലോകത്ത് കുരുടനായവൻ പരലോകത്തും കുരുടനായിരിക്കും.' (കിതാബുൽ ബരിയ്യ പേജ് 47)

ത്വാലിബെ ദുആ:
C. Shameem Ahmad
Ahmadiyya Jama-ath Calicut, Kerala.

രിക്കുന്നു. വസ്ത്രത്തിന്റെ ഏത് ന്യൂനതയും ശരീരത്തെ ബാധിക്കുംപോലെ പുരുഷന്റേയും സ്ത്രീയുടേയും ന്യൂനത കുടുംബത്തേയും സമൂഹത്തേയും ബാധിക്കുന്നതാണ്. പ്രപഞ്ചത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിനും സൃഷ്ടിയുടെ ലക്ഷ്യപ്രാപ്തിക്കും, ദൈവികഗുണങ്ങളുടെ വെളിപ്പെടലിനും മനുഷ്യൻ ഹേതുവാകുന്നു. അവൻ തന്നോടും തന്റെ ഇണയോടും സന്തതികളോടും നീതി പാലിക്കുമ്പോൾ സാമൂഹിക സന്തുലനം; സന്തുലിതമായ പരസ്പരവും സൃഷ്ടിജാലങ്ങളോടും, പ്രകൃതിയോടും കാരുണ്യത്തിൽ വർത്തിക്കുമ്പോൾ ഭൂമിയിൽ മാനവികത വികസ്വരമാവുകയും സ്രഷ്ടാവിന്റെ മഹത്ത്വവും ഏകത്വവും വാഴ്ത്തപ്പടുകയും ചെയ്യും. അഥവാ ഏകദൈവ വിശ്വാസം മുഖേന മാത്രമേ സൃഷ്ടിസമത്വം പുലരുകയുള്ളൂ. മനുഷ്യാവയവങ്ങളെല്ലാം ജോഡിയാണെങ്കിലും അതിനെ സന്തുലനം ചെയ്തുകൊണ്ട് പോകുന്ന തല ഒന്നാണ്. അതിന്റെ പ്രവർത്തനത്തിൽ അപാകം ഉണ്ടാകുമ്പോൾ മൊത്തം മനുഷ്യശരീരവും മനസ്സും താളം തെറ്റുന്നു.

ഇതേ താളം സർവ്വചരാചരങ്ങളിലും പുലരുമ്പോഴാണ് പ്രപഞ്ചത്തിനും നിലനിൽക്കാനാവുക. ഇന്ന് മനുഷ്യർ ഭൗതികമായി ഏറെ മുന്നേറിയിരിക്കുന്നു. പക്ഷേ ആ അറിവുകളും കഴിവുകളും അവൻ തന്റെ സ്രഷ്ടാവിനെയോ ജീവിതലക്ഷ്യത്തെയോ അറിയാൻ ഉപയോഗിക്കുന്നില്ല. ദൈവപ്രീതിയുടെ പറുദീസയിൽനിന്ന് തങ്ങളുടെ ആദിപിതാക്കൾ പുറത്താക്കപ്പെടാൻ കാരണമായ അനുസരണക്കേടിന്റെയും മിഥ്യാമോഹങ്ങളുടേയും സ്വാർഥതയുടേയും പ്രലോഭനങ്ങളുടേയും മരീചികയിൽ മനുഷ്യകുലം ഇന്നും വിഹരിക്കുന്നു.

ഇസ്‌ലാം വിഭാവന ചെയ്യുന്ന പ്രപഞ്ചം അതാതിന്റെ വൃത്തത്തിൽ പൂർണസ്വാതന്ത്ര്യത്തിലും പരസ്പര പൂരകമായ ആശ്രയത്തിലും സഹവർത്തിത്വത്തിലുമാണ്. ഗ്രഹങ്ങളും നക്ഷത്രങ്ങളും സ്വന്തം അച്ചുതണ്ടിൽ കറങ്ങുമ്പോഴും അവയിൽ നിക്ഷിപ്തമായ കടമകൾ നിർവ്വഹിച്ചുകൊണ്ട് അതിന്റെ ലക്ഷ്യപ്രാപ്തിയിലേക്ക് അനുസ്യൂതം ചലിച്ചുകൊണ്ടിരിക്കുകയാണ്. കാരണം എല്ലാ ചരാചരങ്ങൾക്കും അല്ലാഹു കടമകൾ ക്ലിപ്തമാക്കിക്കൊടുത്തിരിക്കുന്നു. എന്നാൽ, തന്റെ ഏറ്റവും സവിശേഷ സൃഷ്ടിയായ മനുഷ്യന് വരും വരായ്കകൾ ചിന്തിക്കാതെ എടുത്തുചാടുന്നവൻ, ധിറുതിക്കാരൻ, കൃതഘ്നൻ, ഏത് വെല്ലുവിളിയേയും നെഞ്ചിലേറ്റുന്നവൻ എന്നൊക്കെ ദൈവംതന്നെ തന്റെ വേദഗ്രന്ഥത്തിൽ വിശേഷിപ്പിച്ചിട്ടുള്ള മനുഷ്യന് മാത്രം അല്ലാഹു വിശേഷബുദ്ധിയും യുക്തിജ്ഞാനവും ചിന്താശേഷിയും ആശയ വിനിമയ ശക്തിയും നന്മതിന്മകളെക്കുറിച്ചുള്ള ചോദനയും നൽകി. പക്ഷേ, അവൻ എല്ലാ കാലത്തും അവന് പങ്കുകാരനെ സങ്കൽപിച്ചു. തിന്മയുടെ കാണാക്കയങ്ങളിൽ നീന്തി തനിക്കും തന്റെ സംരക്ഷണത്തിലുള്ളവർക്കും പരിസ്ഥിതിക്കും ദോഷകരമായത് പ്രവർത്തിച്ച് തന്റെ സിഫത്തിന്റെ പ്രതിഛായയായാകാൻതന്നെ അറിഞ്ഞാരാധിക്കാൻ ഭൂമിയിൽ എഴുന്നേൽപ്പിക്കപ്പെട്ട മനുഷ്യൻ സാത്വികത കൈവിട്ട് പിശാചിനെ കൂട്ടുപിടിച്ചിരിക്കുന്നു.

ഏതൊരു പാവനമായ പാഠങ്ങൾ നബിമാർ മുഖേനയും കിതാബുകൾ മുഖേനയും മാനവർക്ക് നൽകപ്പെട്ടുവോ അവ കൈവെടിഞ്ഞ് വിലക്കപ്പെട്ട വൃക്ഷങ്ങളിലെ കനികൾ ഭക്ഷിച്ചിരിക്കുന്നു; സ്രഷ്ടാവിനെ മറന്നവർ സൃഷ്ടികളോടുള്ള കടമകൾ എങ്ങനെ നിറവേറ്റും. സ്വന്തം നഫ്സിന്റെ ഇച്ഛകൾ മാത്രം പിൻപറ്റി പിതാവ് പിതാവിന്റെയും ഭർത്താവ് തന്റെയും, പുത്രൻ അവന്റെയും, സഹോദരൻ തന്റെയും, കൂട്ടുകാരൻ അവന്റെയും, ഒരേ സത്തയിൽനിന്ന് സൃഷ്ടിക്കപ്പെട്ട മറുപക്ഷങ്ങളും, ഭരണകർത്താക്കൾ ഭരണീയരുടെയും മുതലാളി തൊഴിലാളി പരസ്പരവും കർത്തവ്യങ്ങൾ മറന്നിരിക്കുന്നു. തങ്ങളുടെ വൃത്തത്തിൽ എല്ലാ ഓരോരുത്തരും ഉത്തരവാദികളും ചോദ്യം ചെയ്യപ്പെടുന്നവരുമാണ് എന്ന ഖുർആനിക വചനം ആരോർക്കാൻ! ഇത്തരം അനേകം നിരുത്തരവാദിത്വങ്ങളുടെയും അവഗണനകളുടെയും നീതി നിഷേധങ്ങളുടെയും പരിണിതഫലമാണ് ഇന്നത്തെ മലീമസമായ സാമൂഹികാന്തരീക്ഷം. ഏതുപോലെ മനുഷ്യന്റെ വീണ്ടുവിചാരമില്ലാത്ത പ്രവൃത്തികൾ ഭൂമിക്ക് നാശമുണ്ടാക്കിയോ അതേപ്രകാരം ഹൃദയത്തിൽ ദൈവബോധമോ ഭയഭക്തിയോ ഇല്ലാത്ത മനുഷ്യർ തങ്ങളുടെ കുടുംബത്തിലും സമൂഹത്തിലും രാഷ്ട്രത്തിലും നാശഹേതു ആകുന്നു. സ്ത്രീപുരുഷ സമത്വം കുടുംബത്തിലും സമൂഹത്തിലും വേരോടിയ സാംസ്കാരിക ബോധമാകുമ്പോഴേ സ്ത്രീ ശാരീരികവും മാനസികവുമായ വേട്ടയാടപ്പെടലിൽനിന്നും ഇര എന്ന കാഴ്ചപ്പാടിൽനിന്നും മോചിതയാവുകയുള്ളൂ. അല്ലാത്തപക്ഷം വേട്ടയാടപ്പെട്ട് വംശനാശം വന്ന മറ്റു ജീവികളെപോലെ പെൺവർഗവും ഭൂമുഖത്തുനിന്ന് അപ്രത്യക്ഷമായേക്കാം. ഒരുപക്ഷേ, ലൂത്തിന്റെ കാലം കൺമുമ്പിൽ വരുമെന്ന വാഗ്ദത്ത മസീഹിന്റെ പ്രവചനം അങ്ങനെ ഒരു കാലഘട്ടസൂചന ആണോ!!

മണ്ണ് അതേറ്റവും താഴെ തട്ടിലുള്ളതാണ്. അതെല്ലാറ്റിന്റേയും അടിസ്ഥാനവുമാണ്; ദൈവം അതിൽനിന്നുമാണ് ഏറ്റവും ഔന്നത്യത്തിലുള്ള തന്റെ ഉത്തമസൃഷ്ടിയെ ഉണ്ടാക്കിയിട്ടുള്ളത്. അവന് വിവേചനബുദ്ധിയും നൽകി. അതുകൊണ്ടുതന്നെ അവന് അധമനിൽ അധമനാകാൻ കഴിയും. ഉന്നതമായ ദൈവിക സിഫത്തുകൾ സ്വായത്തമാക്കി മലക്കുകൾ പോലും നമിക്കുംവിധമുള്ള ശ്രേഷ്ഠത കൈവരിക്കാനും കഴിയും. മുട്ടിയാൽ മുഴങ്ങുന്ന കറുത്ത കളിമണ്ണിൽനിന്ന് വെളുത്ത ആത്മാവുമായി ദൈവം സൃഷ്ടിച്ച മനുഷ്യൻ ആത്മാവ് നശിച്ച മൂകമൺശരീരങ്ങൾ മാത്രമായി മണ്ണടിഞ്ഞുപോകാതെ ദൈവത്തിലേക്ക് തിരിയാനും വേദഗ്രന്ഥം ഹൃദിസ്തമാക്കാനും അമാന്തിച്ചുകൂടാ എന്ന മട്ടിലാണ് ലോകത്തിന്റെ പോക്ക്....

**(പേജ് 1ൽനിന്ന്)**

ബാഹ്യമായ സൃഷ്ടിപ്പിന്റെ പേരാണ്. ചെവി, മൂക്ക് എത്രത്തോളമെന്നാൽ മുടി തുടങ്ങിയവയുമെല്ലാം ഖൽഖിൽപെടുന്നു. ഖുൽഖ് ആഭ്യന്തരമായ സൃഷ്ടിപ്പിന്റെ പേരാണ്. ഇപ്രകാരംതന്നെ ആന്തരികമായ ശക്തികൾ-അത് മനുഷ്യരും മനുഷ്യരല്ലാത്തവരും തമ്മിൽ വ്യത്യാസപ്പെട്ടിട്ടുള്ളതെല്ലാം ഖുൽഖിൽപ്പെട്ടതാണ്. എത്രത്തോളമെന്നാൽ, ബുദ്ധി, ചിന്ത തുടങ്ങിയ എല്ലാ ശക്തികളും ഖുൽഖിൽപെട്ടതാണ്.

ഖുൽഖ് അഥവാ ധാർമികാവസ്ഥകൊണ്ട് മനുഷ്യൻ തന്റെ മനുഷ്യത്വത്തെ ശരിയാക്കിയെടുക്കുന്നു. മനുഷ്യരുടെ നിർബന്ധമായ കാര്യങ്ങളില്ലെങ്കിൽ നിർബന്ധമാക്കേണ്ടിവരും. അതായത് മനുഷ്യനാണോ? കഴുതയാണോ? അല്ലെങ്കിൽ മറ്റെന്താണ്? എന്ന്. ഖുൽഖിൽ വ്യത്യാസം വരുമ്പോൾ രൂപം മാത്രമേ ഉണ്ടാകുകയുള്ളൂ. ഉദാഹരണത്തിന് ബുദ്ധിശക്തി പ്രവർത്തനരഹിതമാകുമ്പോൾ ഭ്രാന്തൻ എന്ന് പറയപ്പെടുന്നു. ബാഹ്യമായ രൂപംകൊണ്ടുമാത്രം മനുഷ്യനെന്ന് പറയപ്പെടും. അതുകൊണ്ട് അഖ്‌ലാഖ് (ധാർമികാവസ്ഥകൾ) കൊണ്ടുള്ള ഉദ്ദേശ്യം അല്ലാഹുവിന്റെ സംപ്രീതി (അത് നബി(സ)തിരുമേനിയുടെ കർമപരമായ ജീവിതത്തിൽ ആപാദചൂഢം നമുക്ക് കാണാൻ കഴിയുന്നുണ്ട്) കരസ്ഥമാക്കലാണ്. അതുകൊണ്ട് നബി(സ)തിരുമേനിയുടെ ജീവിതരീതിയനുസരിച്ച് സ്വന്തം ജീവിതം ആക്കിത്തീർക്കാൻ ശ്രമിക്കേണ്ടത് നിർബന്ധമാണ്. ഈ 'അഖ്‌ലാഖ്' അടിത്തറ എന്ന നിലയിലുള്ളതാണ്. അത് ഇളകിക്കൊണ്ടിരുന്നാൽ അതിൽ കെട്ടിടം പണിയാൻ കഴിയുകയില്ല. 'അഖ്‌ലാഖ്' എന്നാൽ, ഒരു കല്ലിനുമേൽ മറ്റൊരു കല്ല് വെക്കലാണ്. ഒരു കല്ല് വളഞ്ഞുപോയാൽ ഭിത്തി മുഴുവൻ വളഞ്ഞുപോകും.

ഇക്കാര്യങ്ങൾ അതീവശ്രദ്ധയോടെ കേൾക്കേണ്ടതാണ്. മിക്ക ആളുകളേയും ഞാൻ കാണുകയും നല്ലവണ്ണം പഠിക്കുകയും ചെയ്തിട്ടുണ്ട്. ചിലർ ധർമം ചെയ്യുന്നുണ്ട്. പക്ഷേ അതോടൊപ്പം കോപിക്കുകയും ദ്വേഷപ്പെടുകയും പീഢിപ്പിക്കുകയും ചെയ്യുന്നു. ചിലർ വിനയരാണ്. പക്ഷേ പിശുക്കരുമാണ്. ചിലർ കോപത്തിന്റേയും ദ്വേഷത്തിന്റേയും അവസ്ഥയിൽ ലാത്തികൊണ്ട് അടിച്ച് മുറിവേൽപിക്കുന്നു; വിനയവും എളിമയും പേരിനുപോലുമില്ല. ചിലരെ കണ്ടിട്ടുണ്ട്. അവരിൽ വിനയവും എളിമയും നല്ലനിലയിലുണ്ട്. പക്ഷേ, ധൈര്യമില്ല. എത്രത്തോളമെന്നാൽ പ്ലേഗിന്റേയും കോളറയുടേയും പേരുകേട്ടാൽ മതി വയറിളക്കം തുടങ്ങും. അത്തരം ധൈര്യമില്ലാത്തവരിൽ ഈമാനില്ലെന്ന് ഞാൻ കരുതുന്നില്ല. സ്വഹാബാക്കളിലും ചിലരുണ്ടായിരുന്നു; അവർക്ക് യുദ്ധം ചെയ്യാനുള്ള ശക്തിയും കരുത്തുമില്ലായിരുന്നു. നബി(സ) തിരുമേനി അവരെ ഭിന്നശേഷിക്കാരായി വെച്ചിരുന്നു. ഇങ്ങനെ അഖ്‌ലാഖ് അഥവാ ധാർമികാവസ്ഥകൾ ഒരുപാടുണ്ട്. ഞാൻ സർവമത സമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിൽ ഇതെല്ലാം വ്യക്തമായും വിശദമായും വിവരിച്ചിട്ടുണ്ട്. എല്ലാ ഓരോ മനുഷ്യനും എല്ലാ സിഫത്തുകളും ചേർന്നവനല്ല. എന്നാൽ, ഒട്ടും ഇല്ലാത്തവനുമല്ല.' **(മൽഫൂദാത്ത്, വാള്യം 1, പേജ് 112–114, പ്രസാധകർ 2018 ഖാദിയാൻ)**

## ഹദീഥുന്നബ്‌വി (സ):

***സ്വന്തം കൈകൊണ്ടു സമ്പാദിച്ച ഭക്ഷണത്തെക്കാൾ ഉത്തമമായ ഒരു ഭക്ഷണവുമില്ല. (സ്വഹീഹ് ബുഖാരി, കിതാബുൽബുയൂഅ്)***

**ത്വാലിബെ ദുആ**
**P.Abdul Ameer**
**Sadr, Ahmadiyya jama'ath Pathapiriyam (Kerala)**

## കലാമുൽ ഇമാം:-

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "അല്ലാഹുവിനോടുണ്ടാകേണ്ട സത്യസന്ധത, കൂറ്, ആത്മാർഥത, സ്നേഹം അല്ലാഹുവിലുള്ള സമർപ്പണം ഒന്നും ഇല്ലാതായിപ്പോയിരിക്കുന്നു."(മൽഫൂദാത്ത് വാള്യം 6 പേജ് 352)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Mathottam (Kerala)**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി Weekly **BADAR** Qadian
ഖാദിയാൻ

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 20 February 2020 Issue-8

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

**(പേജ് 2ൽനിന്ന്)**

9 ജമാഅത്തിൽ നിന്നുള്ളവരായിരുന്നു ഇന്നത്തെ കൂടിക്കാഴ്ചയിലുണ്ടായിരുന്നത്. അറ്റ്ലാന്റാ, ലാണ്ഡു, നോർത്ത് കരോലിനാ ജമാഅത്തിലെ കുടുംബാംഗങ്ങൾ 960 കിലോമീറ്ററിലധികം 12 മുതൽ 14 മണിക്കൂർ സഞ്ചരിച്ചാണ് എത്തിയത്. എല്ലാവരും ആദ്യമായാണ് ഹുദൂറിനെ നേരിട്ട് കാണുന്നത്. കഴിഞ്ഞ വർഷങ്ങളിൽ പല രാഷ്ട്രങ്ങൾ താണ്ടി ബുദ്ധിമുട്ടുകൾ സഹിച്ചാണ് എത്തിയതെങ്കിൽ ഇപ്പോഴിതാ ഹുദൂർ അവരുടെ അടുക്കൽ എത്തിയിരിക്കുന്നു. ഏതാനും മണിക്കൂർ ഹുദൂറുമൊത്ത് ചെലവഴിക്കാൻ കഴിഞ്ഞ അവർ എത്ര ഭാഗ്യവാന്മാരാണ്. അവരുടെ ദുഃഖങ്ങളും പ്രയാസങ്ങളും ക്ഷണനേരം കൊണ്ട് അപ്രത്യക്ഷമായി. ഹൃദയം പൂർണമായും സമാധാനത്തിലായി. ഒരിക്കലും അവസാനിക്കാത്ത ദുആയുടെ നിധിയുംകൊണ്ട് അവർ ഇവിടെ നിന്ന് മടങ്ങി.

ഹുദൂറുമായി കൂടിക്കാഴ്ച നടത്തിയ ഒരു സ്നേഹിതൻ നാഹീദ് അള്ഹർ ശെയ്ഖ് സാഹിബ് പറയുന്നു: ഞാനെന്റെ ഭാര്യാമക്കളോടൊപ്പമാണ് കൂടിക്കാഴ്ചയ്ക്ക് വന്നത്. റൂമിൽ പ്രവേശിച്ച് ഹുദൂറിനെ കണ്ടതും ആ മഹാത്മാവിന്റെ മുഖകമലം ദൈവിക പ്രകാശത്താൽ പൂരിതമാണെന്ന് മനസ്സിലായി.

അദ്ദേഹത്തിന്റെ ഭാര്യ പറഞ്ഞു: എനിക്ക് ലഭിച്ച ഭാഗ്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു. ഹുദൂറിന്റെ അല്പം സാമീപ്യ നിമിഷങ്ങളെനിക്ക് പ്രാപ്തമായി. മുമ്പേ ഹുദൂറിനെ ടീവിയിലാണ് ഞങ്ങൾ കണ്ടിരുന്നത്. ഇന്ന് നേരിട്ട് ഹദൂറിനെ കാണാൻ സൗഭാഗ്യമുണ്ടായി.

ഒരു സ്നേഹിതൻ മുഹമ്മദ് സലീം സാഹിബ് പറയുന്നു: മുമ്പേ ഞങ്ങൾ ഹുദൂറിനെ ടീവിയിലാണ് കാണാറുണ്ടായിരുന്നത്. ഞങ്ങളുടെ ജീവിതത്തിലെ ആദ്യ കൂടിക്കാഴ്ചയാണ് ഇന്ന് നടന്നത്. ഞങ്ങൾ ഭാര്യയും ഭർത്താവും എങ്ങനെ സംസാരിക്കണമെന്ന വിഷയത്തിൽ വളരെ നെർവസ് (nervous)ആയിരുന്നു. എന്നാൽ, ഞങ്ങൾ ഹുദൂറിന്റെ ഓഫീസിൽ പ്രവേശിച്ചതും ഹുദൂർ സ്നേഹത്തോടെ ചിരിക്കുകയും ഞങ്ങളോട് സംസാരിക്കുകയും ചെയ്തു. ഞങ്ങളുടെ പരിഭ്രമങ്ങളെല്ലാം അപ്പാടെ നീങ്ങിപ്പോയി. അല്ലാഹുവിന്റെ മലക്കുകൾ ഹുദൂറിന്റെ അടുക്കലുണ്ടെന്ന് എനിക്കും എന്റെ സഹധർമിണിക്കും തുടർച്ചയായി തോന്നിയിരുന്നു. ഹുദൂറിനെ പല പ്രാവശ്യവും ഞാൻ സ്വപ്നത്തിൽ കണ്ടിരുന്നു. എന്നാലിന്ന് എന്റെ സ്വപ്നങ്ങളെല്ലാം പൂവണിഞ്ഞു. ഹുദൂറിനെ കൺമുമ്പിൽ കണ്ടു ഞാനൊരു പുതിയ മനുഷ്യനായിരിക്കുന്നു എന്നാണ് തോന്നുന്നത്.

ബാസിത് മജൂക സാഹിബ് പറയുന്നു: ഞാനിപ്പോൾ ഹുദൂറുമായി കൂടിക്കാഴ്ച കഴിഞ്ഞ് വന്നതാണ്. ഞാൻ സ്വപ്നലോകത്താണെന്ന പോലെയാണ് എനിക്ക് തോന്നുന്നത്. ഇദ്ദേഹത്തിന്റെ ചെറിയ സഹോദരൻ ഉഥ്മാൻ സാഹിബ് തന്റെ സഹധർമിണിയോടൊപ്പം കൂടിക്കാഴ്ചയിലുണ്ടായിരുന്നു. അവർ പറയുന്നു: അരുതാത്തതെന്തെങ്കിലും സംസാരിച്ചു പോകുമോ എന്ന ഭയം കൂടിക്കാഴ്ചയ്ക്കു മുമ്പേ ഞങ്ങൾക്കു വളരെ കൂടു തലായുണ്ടായിരുന്നു. ഞങ്ങൾ അകത്തേക്ക് പ്രവേശിച്ചതും ഹുദൂർ വളരെ വാത്സല്യത്തോടെ ഞങ്ങളോട് സംസാരിച്ചു തുടങ്ങി, ഞങ്ങളുടെ എല്ലാ പരിഭ്രമവും നീങ്ങിപ്പോയി.

അറ്റ്ലാന്റയിൽനിന്ന് നീണ്ട 12 മണിക്കൂർ കാറിൽ യാത്ര ചെയ്തു വന്ന സയ്യിദ് മഖ്സൂദ് അഹ്മദ് സാഹിബിനോടൊപ്പം അദ്ദേഹത്തിന്റെ ഭാര്യയും മൂന്ന് മക്കളുമുണ്ടായിരുന്നു. അദ്ദേഹം പറയുന്നു: ഇന്ന് ഞങ്ങളുടെ ജീവിതത്തിലെ ആദ്യത്തെ കൂടിക്കാഴ്ചയായിരുന്നു. കൂടിക്കാഴ്ച തുടങ്ങിയതും ഞാൻ സന്തോഷാതിരേകത്താൽ സ്വന്തത്തെ നിയന്ത്രിക്കാൻ കഴിയാത്ത അവസ്ഥയിലായി. അനിയന്ത്രിതമായി കരയാൻ തുടങ്ങി. എന്റെ ശബ്ദം നിലച്ചു. ഞാനിന്ന് എനിക്ക് ലഭിച്ച ഭാഗ്യത്തിൽ അഭിമാനം കൊള്ളുന്നു. 12 മണിക്കൂർ യാത്രാക്ഷീണം ഞങ്ങൾ യാത്രയേ ചെയ്തിട്ടില്ല എന്ന് തോന്നുംവിധം നീങ്ങിപ്പോയി.

ഫിർദൗസ് അഹ്മദ് സാഹിബ് തന്റെ അനുഭവം വിവരിക്കുന്നു: ഹുസൂറുമൊത്തുള്ള ആദ്യ കൂടിക്കാഴ്ചയായിരുന്നു ഇന്ന് നടന്നത്. എന്റെ വികാരത്തെ വാക്കുകളിൽ ചാലിച്ചെടുക്കാൻ ബുദ്ധിമുട്ടാണ്. ഹുദൂറിനെ കണ്ടു എന്നതിന്റെ അർഥം ഞാൻ മറ്റ് അഹ്മദികളേക്കാൾ ശ്രേഷ്ഠനാണെന്നല്ല. മറിച്ച് മുമ്പത്തേതിനെക്കാൾ കൂടുതൽ ഞാനെന്നിൽ കൃത്യമായ മാറ്റം വരുത്താൻ ശ്രമിക്കണമെന്നാണ്.

ഖുർറത്തുൽ ഐൻ സാഹിബ പറയുന്നു: ഇന്ന് ഞങ്ങളുടെ ആദ്യ കൂടിക്കാഴ്ചയായിരുന്നു. ഹുദൂറിനെ കണ്ടിട്ട് അത്ഭുതകരമായ ഒരു സന്തോഷമാണ് തോന്നുന്നത്. ഹുദൂറിന്റെ മുഖം വിളങ്ങുന്നുണ്ടായിരുന്നു. പ്രകാശം തന്നെ, പ്രകാശം. എന്റെ മക്കൾക്ക് ഉപദേശം നല്കിക്കൊണ്ട് ഹുദൂർ പറഞ്ഞു: 'കുട്ടികളെ ഫോൺ, ഐപാഡ് (ipad) തുടങ്ങിയവയിൽനിന്ന് അകറ്റി നിറുത്തുക.'

ഫരീദ് അൻവർ കാഹിലോൺ സാഹിബ് പറയുന്നു: ഞാൻ 2010-ൽ ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) നിൽക്കുന്നതായി സ്വപ്നത്തിൽ കണ്ടിരുന്നു. അദ്ദേഹത്തിന്റെ ഇടതു കൈയിൽ ഒരു വടിയുണ്ട്. മറ്റേ ഭാഗത്ത് ചില സ്നേഹിതന്മാരും നിൽക്കുന്നുണ്ട്. എന്നോട് മുന്നോട്ട് വരാൻ ഹുദൂർ(അ) പറയുന്നു. കുറച്ച് കഴിഞ്ഞ് പറയുന്നു: 'വരൂ, ഫോട്ടോ എടുക്കാമെന്ന്! ഈ സ്വപ്നം ഞാൻ ഹുദൂറിനോട് പറഞ്ഞപ്പോൾ അവിടന്ന് പറഞ്ഞു: 'വളരെ അനുഗൃഹീതമായ സ്വപ്നമാണ്.'ഹുദൂറിനെ ഇന്ന് കാണുകയും ഫോട്ടോ എടുക്കുകയും ചെയ്തതിനുശേഷം എന്റെ ഈ സ്വപ്നം പൂർത്തിയായതായി എനിക്കുറപ്പുണ്ട്.

ഒരു സ്നേഹിതൻ അസദ് റസൂൽ സാഹിബ് പറയുന്നു: ഹുദൂറുമൊത്തുള്ള എന്റെ ആദ്യ കൂടിക്കാഴ്ചയായിരുന്നു ഇത്. ഹുദൂറിൽ നമ്മളോട് വേദനയും അതിരറ്റ സ്നേഹവും അനുകമ്പയും കാണിക്കുന്ന ഒരു പിതാവിനെ കാണാൻ സാധിക്കുന്നു. കൂടിക്കാഴ്ചയ്ക്കിടയിൽ ഞാൻ ഹുദൂറിനോട് എന്തെങ്കിലും അനുഗ്രഹിച്ചു നല്കണമെന്ന് അപേക്ഷിച്ചപ്പോൾ ഹുദൂർ പറഞ്ഞു: 'ആദ്യം പാക്കിസ്താനിൽ നിന്ന് ഭാര്യയെ കൊണ്ടുവരിക. പിന്നീട് തബർറുക് തരാം.'

ഒരു ആഫ്രിക്കൻ നഷാദ് നവഅഹ്മദി സ്ത്രീ ഹബീബ ഡാബൂഹ് സാഹിബ പറയുന്നു: ഞാൻ കുറച്ചു മുമ്പേയാണ് ബയ്അത്ത് ചെയ്തത്. പ്രിയപ്പെട്ട സ്വന്തം ഇമാമിനെ കണ്ടതിനുശേഷം വിവരണാതീതവും അത്ഭുതാവഹവുമായ ഒരു സന്തോഷം തോന്നുന്നു.

ഒരു സ്നേഹിതൻ ബാബർ അബ്ദുൽ ഗഫ്ഫാർ സാഹിബ് പറയുന്നു: ഇന്ന് ഈ ദിനം അല്ലാഹു എനിക്ക് കാണിച്ചു തന്നതിൽ ഞാൻ സന്തോഷവാനാണ്. എന്റെ അസ്തിത്വം സ്വർഗത്തിൽ പറന്നുകൊണ്ടിരിക്കുന്നതായി എനിക്ക് അനുഭവപ്പെട്ടു. കൂടിക്കാഴ്ചയ്ക്കിടയിൽ എന്റെ വികാരത്തെ നിയന്ത്രിക്കാൻ കഴിയാതെ വന്നപ്പോൾ ഞാൻ പൊട്ടിക്കരഞ്ഞു. ഞാൻ പുതിയതായി ജാതനായതു പോലെയാണ് ഇപ്പോളെനിക്ക് തോന്നുന്നത്.

ഒരു സ്നേഹിതൻ മസ്റൂർ അബ്ദുൽ ഖാദിർ സാഹിബ് പറയുന്നു: കാലത്തിന്റെ ഖലീഫയുമായി ആദ്യത്തെ കൂടിക്കാഴ്ചയായിരുന്നു ഇത്. എന്റെ മനസ്സിന്റെ അവസ്ഥ വാക്കുകളിൽ വിവരിക്കുക അസാധ്യമാണ്. ഹുദൂറിന്റെ ചുറ്റും പ്രകാശത്തിന്റെ ഒരു വലയംതന്നെ കൂടിക്കാഴ്ചാ വേളയിൽ കാണാൻ സാധിച്ചു. ഹുദൂറിന്റെ സമീപത്ത് ചെലവഴിച്ച ഈ ചില നിമിഷങ്ങൾ എന്റെ ജീവിതത്തിലെ ഏറ്റവും വിലയേറിയ നിമിഷങ്ങളാണ്. ഞാനെന്റെ ജീവിതാന്ത്യംവരെ ഇത് ഓർത്തു വെക്കുന്നതാണ്. ഇന്നത്തെ ഹുദൂറുമൊത്തുള്ള കൂടിക്കാഴ്ച എന്നെ നൂറിരട്ടി അല്ലാഹുവിനോടു അടുപ്പിക്കുന്നതായിരിക്കും. ഇന്ന് മുതൽ ഓരോ ദിവസവും നന്മയിലേക്കുതന്നെ പാദം ഊന്നുന്നതാണ്. ഇൻശാഅല്ലാഹ്.

ഒരു സ്നേഹിതൻ റാമിഷ് ഖാൻ സാഹിബ് പറയുന്നു: ഹുദൂർ അൻവറുമൊത്തുള്ള എന്റെ ആദ്യത്തെ കൂടിക്കാഴ്ചയായിരുന്നു ഇത്. കൂടിക്കാഴ്ചക്കുമുമ്പേ എനിക്ക് ഒരു പരിഭ്രമവും അസ്വസ്ഥതയും ഉണ്ടായിരുന്നു. എന്റെ കൈ ഹുദൂറിന്റെ കൈയുമായി ഉരസിയതും എന്റെ എല്ലാ അസ്വസ്ഥതയും സ്വയമേവ നീങ്ങിപ്പോയി. എനിക്ക് വളരെയധികം ശാന്തതയും സുഖവും പ്രാപ്തമായി.

കൂടിക്കാഴ്ചാപ്രോഗ്രാം 9.30 വരെ നീണ്ടു നിന്നു. ശേഷം ഹുദൂർ മസ്ജിദ് ബയ്ത്തുസ്സമീയിൽ മഗ്രിബ്-ഇശാഅ് ജംആക്കി നമസ്കരിപ്പിച്ചു.തുടർന്ന് താമസസ്ഥലത്തേക്ക് പോയി.(തുടരും)

## കലാമുൽ ഇമാം:-

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:**
**"ഏഷ്യയിലേയും യൂറോപ്പിലേയും അമേരിക്കയിലേയും മനസ്സുകളിൽ മലക്കുകളുടെ സൈന്യം ആകാശത്തുനിന്നിറങ്ങുന്നത് നിങ്ങൾ കാണുന്ന കാലം വിദൂരമല്ല, പ്രത്യുത വളരെ അടുത്താണ്."**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Calicut (Kerala)**

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin